

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
സെപ്റ്റംബർ

Volume VI Issue 80

Times of America Online Monthly News Journal.
web:mytimesofamerica.com

Tel: 267-991-2111
e-mail:timesofamerica@yahoo.com


## സ്ഥാനമൊഴിയുന്നതിനെ തുടർന്ന് ഒബാമ അദ്ധ്യാപന രംഗത്തേക്ക് മടങ്ങുമെന്ന് കൊളംബിയൻ യൂണിവേഴ്സിറ്റി



*വാഷിംഗ്ടൺ:* പ്രസിഡന്റ് പദവിയിൽ എട്ടുവർഷം പൂർത്തിയാക്കി 2017ൽ അധികാരമൊഴിയുന്ന ബറാക് ഒബാമ വീണ്ടും അദ്ധ്യാപകനായി വരുമെന്ന് കൊളംബിയൻയൂണിവേഴ്സിറ്റി. 2004ൽ സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടും മുമ്പ് ഒബാമ കൊളംബിയൻ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനായിരുന്നു. ബിരുദം പൂർത്തിയാക്കിയതും ഇവിടെനിന്നാണ്.

സാമ്പത്തിക മാന്ദ്യം അതിന്റെ മൂർദ്ധന്യത്തിലെത്തുന്നതും ഫലപ്രദമായ നടപടികൾ എടുത്തതിലൂടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ഒരു പരിധിവരെ പിടിച്ചുനിർത്തുവാനും കഴിയുന്ന സാഹചര്യമാണിപ്പോഴുള്ളത്. രണ്ടുവർഷത്തിനുള്ള അതിവേഗസാമ്പത്തിക ഭദ്രതയ്ക്കുള്ള വഴികൾ തേടേണ്ടിയിരിക്കുന്നു.

## ദാരിദ്ര്യനിർമ്മാർജ്ജനം സമാധാനത്തിലേക്കുള്ള മാർഗ്ഗം: പ്രൊഫ.പി.ജെ.കുര്യൻ



*ന്യൂയോർക്ക്:* ദാരിദ്ര്യ നിർമ്മാർജ്ജനമാണ് സമാധാനത്തിലേക്കുള്ള മാർഗ്ഗമെന്ന് പ്രൊഫ.പി.ജെ.കുര്യൻ.

വികസിത രാജ്യങ്ങൾ തങ്ങളുടെ മൊത്ത ദേശീയ വരുമാനത്തിന്റെ 0.7 ശതമാനം വികസ്വര രാജ്യങ്ങൾക്കു ഔദ്യോഗിക വികസന സഹായമായി നൽകണമെന്ന ഉറപ്പു പാലിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്തെ ജനറൽ അസംബ്ലി ഹാളിൽ നടന്ന ലോകരാജ്യങ്ങളിലെ പാർലമെന്റ് സ്പീക്കർമാരുടെ നാലാമത് ആഗോള സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങൾ ആഗ്രഹിക്കുന്ന ലോകം സൃഷ്ടിക്കുന്നതിനും സമാധാനത്തിനും സുസ്ഥിര വികസനത്തിനുമായുള്ള സേവനത്തിൽ ജനാധിപത്യത്തെ സമർപ്പിക്കുക എന്ന വിഷയത്തിലായിരുന്നു സമ്മേളനം. ലോക്സഭാ സ്പീക്കർ സുമിത്ര മഹാജനും സമ്മേളനത്തിൽ പങ്കെടുത്തു. ഇരുവരും പിന്നീട് യുഎൻ സെക്രട്ടറി ജനറൽ ബാൻ കി മൂണുമായി പ്രത്യേക കൂടിക്കാഴ്ചയും നടത്തി.

സുസ്ഥിര വികസന ലക്ഷ്യത്തിനായുള്ള എല്ലാ മേഖലകളിലും വനിതകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കണമെന്നും പ്രഫ.കുര്യൻ നിർദേശിച്ചു. ഇന്ത്യയിലെ ത്രിതല പഞ്ചായത്തുകളിൽ വനിതകൾക്കു സംവരണം ഏർപ്പെടുത്തിയതിലൂടെ 10 ലക്ഷത്തോളം സ്ത്രീകളാണു തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സമിതികളിലെത്തിയത്. സ്ത്രീശാക്തീകരണത്തെ തന്റെ അഹിംസാ പൊതുജനമുന്നേറ്റത്തിന്റെ സുപ്രധാന ഘടകമായാണു മഹാത്മാ ഗാന്ധി കണ്ടിരുന്നത്. സുസ്ഥിര വികസനത്തിനുള്ള പ്രധാന ഘടകമായി റിയോ ഉച്ചകോടി ഊന്നൽ നൽകിയതും സ്ത്രീ, പുരുഷ സമത്വത്തിനാണെന്നു കുര്യൻ ചൂണ്ടിക്കാട്ടി. പരിസ്ഥിതിയെ ഏറ്റവും മലിനപ്പെടുത്തുന്ന ദാരിദ്ര്യവും മനുഷ്യന്റെ ആവശ്യങ്ങളുമാണെന്നു 1972ലെ സ്റ്റോക്ഹോമിൽ നടന്ന ഐക്യരാഷ്ട്രസഭാ സമ്മേളനത്തിൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉന്നയിച്ച ചോദ്യം ഇന്നും പ്രസക്തമാണ്. ഇന്ദിരാ ഗാന്ധിയുടെ ഈ ചോദ്യമാണ് ആഗോളതലത്തിൽ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ജനകഥയായി മാറിയത്. പാവപ്പെട്ടവരുടെയും അധസ്ഥിതരുടെയും ആവശ്യങ്ങൾക്കു പ്രാമുഖ്യം നൽകാതെ സുസ്ഥിരവികസനം സാധ്യമാകില്ലെന്നും പ്രഫ.കുര്യൻ ഓർമിപ്പിച്ചു.

## ഗൂഗ്ൾ ലോഗോ പരിഷ്കരിച്ചു

*കാലിഫോർണിയ:* ഇന്റർനെറ്റ് സെർച്ച് എൻജിനായ ഗൂഗ്ൾ ലോഗോ പരിഷ്കരിച്ചു. ഗൂഗ്ളിന്റെ ഹോം പേജിൽ ആനിമേഷൻ രൂപത്തിലാണ് പുതിയ ലോഗോ അവതരിപ്പിക്കുന്നത്.

ഗൂഗ്ൾ കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഇന്ത്യൻ വംശജനായ സുന്ദർ പിച്ചെ എത്തിയതിനുശേഷം പല പരിഷ്കാരങ്ങളും വരുത്തിയിരുന്നു. അതിൽ പ്രധാനമാണ് ലോഗോ പരിഷ്കരണം. ഐക്കണിലും മാറ്റം വരുത്തിയിട്ടുണ്ട്. ഗൂഗ്ൾ നിലവിൽ വന്നതിനുശേഷം അഞ്ചാമത്തെ തവണയാണ് ലോഗോ പരിഷ്കരിക്കുന്നത്.

## രോഗനിർണയത്തിന് മൊബൈൽ

*വാഷിംഗ്ടൺ:* മൊബൈൽ ഫോൺ ഉപയോഗിച്ച് മലേറിയ രോഗനിർണ്ണയം സാധ്യമാക്കുന്ന സാങ്കേതികവിദ്യ കണ്ടെത്തി. ബയോമെഡിക്കൽ എൻജിനീയറിംഗ് പ്രൊഫസർ ജെറാർഡ് കോട്ട് ആണ് മൊബൈൽ കാമറയെ മൈക്രോസ്കോപ്പാക്കി മാറ്റി മലേറയ കണ്ടെത്തുന്ന വിദ്യ വികസിപ്പിച്ചത്.

10 ഡോളർമാത്രം വിലവരുന്ന മോപിഡ് ഐ.ഒ.എസ് ആൻഡ്രോയ്സ് ഫോണുകളിൽ പ്രവർത്തിപ്പിച്ച് രക്തത്തിന്റെ ചിത്രമെടുത്ത് മലേറിയയുടെ ഉപോൽപന്നമായ മൊസോയിൻ ക്രിസ്റ്റലുകളെ കണ്ടെത്തിയാണ് രോഗനിർണ്ണയം നടത്തുന്നത്.












## വ്യാജ തൊഴിൽവാഗ്ദാനം; സർവീസ് കാനഡ അന്വേഷണം ആരംഭിച്ചു

*ഒട്ടാവ:* കാനഡയിലേക്ക് വ്യാജ തൊഴിൽ വാഗ്ദാനം നടത്തിയ സ്ഥാപനങ്ങൾക്കു നേരെ അടിയന്തര നടപടികൾ സ്വീകരിക്കാനും അന്വേഷണം കൂടുതൽ വ്യാപകമാക്കാനും സർവീസ് കാനഡ തീരുമാനിച്ചു.

സൗദി അറേബ്യ അടക്കം ഉള്ള ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ളവരുമാണു തൊഴിൽ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് വഞ്ചിതരായത്.

വിവിധ തരത്തിലുള്ള ജോലികൾക്കായി ഗ്രൂപ്പ് വീസ, ഫാമിലി വീസ, സിംഗിൾ വീസ എന്നിവ തരപ്പെടുത്തി കൊടുക്കുന്നതിനുവേണ്ടി പല ഏജൻസികളും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതായി ഇമിഗ്രേഷൻ ഡിപ്പാർട്ടുമെന്റിനു വിവരം ലഭിച്ചിട്ടുണ്ട്. സർവീസ് കാനഡയുടെ ഔദ്യോഗിക ലെറ്റർ ഹെഡിൽ, മുദ്രകൾ പതിപ്പിച്ച ജോലി വാഗ്ദാനങ്ങൾ ആണ് ഉദ്യോഗാർഥികൾക്കു നൽകിയിട്ടുള്ളത്. 300 ഡോളർ മുതൽ 3500 ഡോളർ വരെ രജിസ്ട്രേഷൻ ഫീസിനത്തിൽ നഷ്ടപ്പെട്ട നിരവധിപേർ തങ്ങൾക്കു പറ്റിയ അമളി പുറത്തറിയിച്ചിട്ടില്ല.

സൗദിയിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന 12 ഓളം വരുന്ന മലയാളികളും അഹമ്മദാബാദിലെ പ്രശസ്ത നിർമാണ കമ്പനി മാനേജർ, കൊച്ചിയിലെ ഗുണനിലവാര കൺസൾട്ടന്റ് എന്നിവർക്കു ലഭിച്ച ജോലി വാഗ്ദാന കത്തുകളും രേഖകളും സംശയം തോന്നിയതിനെത്തുടർന്ന് ജയ്ഹിന്ദ് പത്രത്തിന്റെ എക്സിക്യൂട്ടീവ് എഡിറ്ററും ഇന്തോ- അമേരിക്കൻ പ്രസിഡന്റുമായ ജയശങ്കർ പിള്ളയ്ക്ക് കൈമാറുകയും സംശയം തോന്നിയതിനെത്തുടർന്നു സർക്കാർ തലത്തിൽ ജയശങ്കർ പരാതി സമർപ്പിക്കുകയുമായിരുന്നു.

രാജ്യത്തിന്റെ അന്തസിനു കളങ്കം വരുന്ന തരത്തിൽ വ്യാജ രേഖ ചമയ്ക്കൽ പ്രവർത്തനം നടത്തുന്നവർക്കെതിരേ നടപടി വേണമെന്നാവശ്യപ്പെട്ട് സർവീസ് കാനഡയിലെ ഉയർന്ന ഉദ്യോഗസ്ഥ ടിയർഡ്രീവാസിന് ഓഗസ്റ്റ് 31നു സമർപ്പിച്ച ഹർജിയിൽ ഉച്ചയോടുകൂടി അന്വേഷണത്തിന് ഉത്തരവിടുകയായിരുന്നു. ഇതേത്തുടർന്നു കാനഡ നാഷണൽ ഇന്റഗ്രിറ്റി ഡിപ്പാർട്ടുമെന്റ് അന്വേഷണം ആരംഭിച്ചു.

രാജ്യത്തിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുന്നതിനായി മൂന്നാം കക്ഷി ആയി പരാതി നൽകിയ ജയശങ്കറിനെയും സഹായി ദീപുവിനെയും ഗവൺമെന്റ് പ്രതിനിധികൾ അഭിനന്ദിച്ചു.

കനേഡിയൻ വീസ സംബന്ധമായ പൂർണ വിവരങ്ങൾക്ക് http://www.cic.gc.ca/english/index.asp എന്ന വെബ് സൈറ്റ് ഉപയോഗിക്കുക.

## ദക്ഷിണചൈനാക്കടലിലെ ചൈനയുടെ പ്രവർത്തനത്തിൽ ആശങ്കയെന്ന് ഓസ്ട്രേലിയ

*കാൻബറെ:* ദക്ഷിണ ചൈനാക്കടലിൽ ചൈന നടത്തുന്ന സൈനിക വിന്യാസത്തിൽ ഓസ്ട്രേലിയ ആശങ്ക പ്രകടിപ്പിച്ചു.

ഇന്ത്യാ സന്ദർശനം നടത്തുന്ന ഓസ്ട്രേലിയൻ പ്രതിരോധമന്ത്രി കെവിൻ ആൻഡ്രൂസ് ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിഫൻസ് സ്റ്റഡീസ് ആൻഡ് അനാലിസിസിൽ നടത്തിയ പ്രഭാഷണത്തിലാണു ദക്ഷിണ ചൈനാക്കടലിലെ ചൈനയുടെ ഇടപെടലുകളിലും നിർമാണപ്രവർത്തനങ്ങളിലും ആശങ്ക പ്രകടിപ്പിച്ചത്.

ഇന്ത്യൻ മഹാസമുദ്രപ്ര ദേശത്തു നടക്കുന്ന പ്രശ്ന പരിഹാരത്തിന് ഇന്ത്യക്കു പ്രധാനപങ്കുവഹിക്കാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അതിർത്തിതർക്കങ്ങൾ രാജ്യങ്ങളുടെ ആശങ്കയും അസ്ഥിരതയും വർധിപ്പിക്കുക മാത്രമാണു ചെയ്തിട്ടുള്ളത്. ദക്ഷിണ ചൈനാക്കടലിൽ ചൈന നിർമിക്കാൻ പോകുന്ന സൈനിക വിമാനത്താവളം പ്രദേശത്തിന്റെ സുരക്ഷയ്ക്ക് ഒരുവിധത്തിലും സഹായകമാവില്ല. ഇക്കാര്യത്തിൽ ചൈന നയം വ്യക്തമാക്കണം-കെവിൻ ആൻഡ്രൂസ് പറഞ്ഞു.

വിയറ്റ്നാമും ഫിലിപ്പൈൻസുമുൾപ്പെടെയുള്ള രാജ്യങ്ങൾ അവകാശമുന്നയിക്കുന്ന സ്ഥലത്താണ് ചൈന നിർമാണപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്.

## ചൈന സൈനികശക്തി കുറയ്ക്കുന്നു; മൂന്നുലക്ഷം പേർക്ക് പണി പോകും

*ബെയ്ജിംഗ്:* ചൈന ചരിത്രത്തിലാദ്യമായി തങ്ങളുടെ സൈനികശക്തി കുറയ്ക്കുകയാണെന്നു പ്രഖ്യാപിച്ചു.

രണ്ടാം ലോക മഹായുദ്ധത്തിലെ ജപ്പാന്റെ തോൽവിയുടെ വാർഷികവേളയിലാണ് ചൈനീസ് പ്രസിഡന്റ് സീ ജിൻപിംഗ് സുപ്രധാനമായ ഈ പ്രഖ്യാപനം നടത്തിയത്. മൂന്നുലക്ഷം സൈനികരെയാണ് വെട്ടിക്കുറയ്ക്കുന്നത്.

## വിമാനക്കൂലി: ഉടൻ പരിഹാരം ഉണ്ടാക്കണം: നരേന്ദ്ര മോദി



*ന്യൂഡൽഹി:* ഉത്സവ കാലങ്ങളിൽ യാത്രാനിരക്ക് കുത്തനെ കൂട്ടുന്നുവെന്ന മലയാളി യാത്രക്കാരുടെ പരാതിക്കു പരിഹാരം കാണണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

കേരളത്തിൽനിന്നുള്ളവരുടെ ആശങ്ക ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളുന്നുവെന്നും എത്രയും വേഗം പരിഹാരം കാണണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു നിർദേശം നൽകിയതായി അദ്ദേഹം പറഞ്ഞു.

ഓണം അവധിക്കു ഗൾഫിൽ നിന്നു നാട്ടിലേക്കു മടങ്ങുന്ന യാത്രക്കാരിൽ നിന്നും വിമാനക്കമ്പനികൾ വൻ യാത്രക്കൂലി ഈടാക്കുന്നു എന്നു ചൂണ്ടിക്കാട്ടി മലയാളികൾ പ്രധാനമന്ത്രിക്കു പരാതി നൽകിയിരുന്നു.

യുഎഇ സന്ദർശനത്തിനിടെയാണ് ഇക്കാര്യം മോദിയുടെ ശ്രദ്ധയിൽപ്പെടുത്തിയതെന്നാണ് സൂചന.

ഉത്സവ കാലങ്ങളിൽ വൻതുക ഈടാക്കുന്നതിനു പരിഹാരം കാണണമെന്ന് പ്രധാനമന്ത്രിയിൽ നിന്നും നിർദേശം ലഭിച്ചതായി കേന്ദ്ര വ്യോമയാന സഹമന്ത്രി മഹേഷ് ശർമയും വ്യക്തമാക്കി.

അന്താരാഷ്ട്ര, ആഭ്യന്തര സർവീസുകളിലെ യാത്രാനിരക്ക് നിയന്ത്രിക്കുന്നതിന് എന്തൊക്കെ ചെയ്യാനാകുമെന്ന് പരിശോധിക്കുന്നുണ്ട്. സീറ്റുകൾ വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഉന്നത ഉദ്യോഗസ്ഥർ വ്യക്തമാക്കി. സീറ്റുകൾ വർധിപ്പിക്കുന്നതുവഴി യാത്രാനിരക്ക് കുറയ്ക്കാനാണ് വ്യോമയാന മന്ത്രാലയത്തിന്റെ ആലോചന.

വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി വിമാനക്കമ്പനികൾ ഈടാക്കുന്ന അധിക യാത്രാനിരക്കു സംബന്ധിച്ച് ഡയറക്ടർ ജനറൽ ഒഫ് സിവിൽ ഏവിയേഷൻ നേരത്തേ വിലയിരുത്തിയിരുന്നു. ടിക്കറ്റ് ക്യാൻസൽ ചെയ്യുന്നതിനും റീഷെഡ്യൂൾ ചെയ്യുന്നതിനും ഇൻഡിഗോ, സ്പൈസ് ജെറ്റ്, ജെറ്റ് എയർവേഴ്സ് തുടങ്ങിയ കമ്പനികൾ വൻ തുക ഈടാക്കുന്നതായുള്ള പരാതികളെ തുടർന്നായിരുന്നു നടപടി.

## സിറിയയിൽ സ്ഫോടനം; പത്തുപേർ കൊല്ലപ്പെട്ടു



ലട്ടാക്കിയയിലുണ്ടായ കാർ ബോംബ് സ്ഫോടനത്തിൽ പത്തുപേർ കൊല്ലപ്പെടുകയും 40ലേറെ പേർക്കു പരിക്കേൽക്കുകയും ചെയ്തു. സിറിയയിലെ ന്യൂനപക്ഷങ്ങൾക്കു സ്വാധീനമുള്ള പ്രദേശമാണ് ലട്ടാക്കിയ.

മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നു മനുഷ്യാവകാശ സംഘടനയായ സിറിയൻ ഒബ്സർവേറ്ററി അറിയിച്ചു. 2011നുശേഷം ഈ പ്രദേശത്തുണ്ടാകുന്ന ഏറ്റവും വലിയ കാർ ബോംബ് സ്ഫോടനമാണിത്. ഐഎസാണ് സ്ഫോടനത്തിനു പിന്നിലെന്നു സൂചന.

അതേസമയം സിറിയയിലെ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർക്കെതിരേ യുഎസിന്റെ നേതൃത്വത്തിൽ ഡ്രോൺ ആക്രമണം ആംഭിച്ചതായി റിപ്പോർട്ട്. സിഐഎയും സിറിയയിലെ സ്പെഷൽ ഓപ്പറേഷൻഫോഴ്സും സംയുക്തമായാണ് ആക്രമണത്തിനു തുടക്കം കുറിച്ചിരിക്കുന്നത്.

ഐഎസിന്റെ മുതിർന്ന നേതാക്കളെ വധിക്കുകയാണ് ലക്ഷ്യമെന്നു വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തു. മുതിർന്ന നേതാക്കളെ വധിക്കുക വഴി നേതൃത്വത്തെ ദുർബലപ്പെടുത്താമെന്നാണ് യുഎസിന്റെ കണക്കുകൂട്ടൽ. സിറിയയിലെ ഐഎസ് ഭീകരർക്കെതിരേ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനു യുഎസും സഖ്യകക്ഷികളും തയാറെടുക്കുന്നതായും സൂചനയുണ്ട്.

## സൗദിയിൽ സീസൺ വീസകൾക്കു പുതിയ നിയമാവലി

*മനാമ:* സൗദിയിൽ താത്കാലിക വീസയും സീസൺ വീസയും അനുവദിക്കാൻ പുതിയ നിയമാവലി നിലവിൽ വന്നു. സീസൺ വീസ ദുരുപയോഗപ്പെടുത്തുന്നതായി അധികൃതരുടെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണു തൊഴിൽ മന്ത്രാലയത്തിന്റെ ശിപാർശയനുസരിച്ചു ശൂറ കൗൺസിൽ പുതിയ നിയമാവലിക്കു രൂപംനൽകിയത്. തൊഴിൽ വിപണിയുടെ ആവശ്യം പരിഗണിച്ചു താത്കാലികമായി വിദേശികളെ റിക്രൂട്ട് ചെയ്യാനും ഹ്രസ്വകാല പദ്ധതികൾ പൂർത്തീകരിക്കാനും ഇതിലൂടെ സാധിക്കുമെന്നാണു തൊഴിൽ മന്ത്രാലയം പ്രതീക്ഷിക്കുന്നത്.

പുതിയ നിയമാവലി പ്രകാരം ഹജ്ജ്, ഉംറ സീസണിൽ തീർഥാടകർക്കും സന്ദർശകർക്കും സേവനം ചെയ്യാൻ ആവശ്യമായ വീസകൾ സീസൺ വീസ വിഭാഗത്തിൽ ലഭിക്കും. സർക്കാർ, സ്വകാര്യ മേഖലയിലെ പദ്ധതികൾ കരാറെടുക്കുന്ന കമ്പനികൾക്കാണു താത്കാലിക വീസ പ്രയോജനപ്പെടുക. താത്കാലിക വീസ സ്ഥിരം വീസയിലേക്കു മാറ്റുന്നതു തടയുക എന്നതും പുതിയ നിയമാവലിയിലൂടെ ലക്ഷ്യമിടുന്നു.

## കഴിഞ്ഞവർഷം ഇന്ത്യയിൽ റോഡപകടങ്ങളിൽ മരിച്ചത് 75,000 യുവാക്കൾ

*ന്യൂഡൽഹി:* 15നും 34നും ഇടയിൽ പ്രായമുള്ള 75,000 പേർ കഴിഞ്ഞ വർഷം ഇന്ത്യയിൽ റോഡപകടങ്ങളിൽ മരിച്ചതായി റിപ്പോർട്ട്.

മരണപ്പെട്ടവരിൽ 82 ശതമാനം പേരും പുരുഷന്മാരാണ്. റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ മന്ത്രാലയമാണ് റിപ്പോർട്ട് പുറത്തുവിട്ടത്. രാജ്യത്ത് 2014-ലുണ്ടായ റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ 53 ശതമാനം വരുമിത്. 35നും 64 വയസ് വരെയുള്ളവരുടെ മരണനിരക്ക് 35 ശതമാനമാണ്. ലോകാരോഗ്യ സംഘടന നടത്തിയ പഠനങ്ങളിൽ 15-29 പ്രായത്തിലുള്ളവരുടെ മരണകാരണങ്ങളിൽ റോഡപകടങ്ങളാണ് ഒന്നാമതെന്നു കണ്ടെത്തിയിരുന്നു.

റോഡപകടങ്ങൾ 2013ലെ 4.86 ലക്ഷത്തിൽ നിന്നു 4.89 ലക്ഷമായി ഉയർന്നിട്ടുണ്ട്. അപകടമരണങ്ങളിൽ ഉത്തർപ്രദേശാണ് മുന്നിൽ. 11.7 ശതമാനം. മരണനിരക്കിൽ പിന്നിലാണെങ്കിലും ഗുരുതര പരിക്കുകളേൽക്കുന്നവരിൽ കേരളം രണ്ടാമതാണ്.

# ഡോ. രേണു രാജിന് കേരള കേഡർ



*ന്യൂഡൽഹി:* സിവിൽ സർവീസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ഡോ.രേണു രാജ് ഐഎഎസിനു കേരള കേഡർ. കേന്ദ്ര പേഴ്സണൽ വകുപ്പാണു സിവിൽ സർവീസ് വിജയികൾക്കു കേഡർ തിരിച്ചു നൽകിയത്. എട്ടു പേർക്കാണ് കേരളത്തിൽ നിന്ന് ഐഎഎസ് ലഭിച്ചത്. ഇവരുടെ കേഡർ പട്ടികയാണ് കഴിഞ്ഞ ദിവസം കേന്ദ്ര പേഴ്സണൽ വകുപ്പ് പുറത്തിറക്കിയത്. ഐഎഎസ് ലഭിച്ച മറ്റു മലയാളികളായ ആശ അജിത് (40-ാം റാങ്ക്) ജെറോമിക് ജോർജ് (72) എന്നിവർക്കും കേരളം തന്നെ ലഭിച്ചപ്പോൾ എം.എസ് പ്രശാന്ത് (47), ബി. വിഷ്ണു ചന്ദ്രൻ (210), കെ. എം. സരയു (220), എ.കെ. കമൽ കിഷോർ (370) എന്നിവർക്ക് തമിഴ്നാട് കേഡർ അനുവദിച്ചു. സജു വഹീദിന് (429) ത്രിപുരയാണ് ലഭിച്ചത്. ആന്ധ്രാപ്രദേശ് സ്വദേശിയായ വി.ആർ.കെ. തേജ (66), തമിഴ്നാട് സ്വദേശിയായ എൻ. എസ്.കെ. ഉമേഷ് (77) എന്നിവർക്കും കേരളം പ്രവർത്തന മേഖലയായി അനുവദിച്ചു കിട്ടി.

# മരുന്നുകൾ നിരോധിച്ചു



*തിരുവനന്തപുരം:* തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതെന്നു കണ്ടെത്തിയ മരുന്നുകളുടെ വില്പനയും വിതരണവും സംസ്ഥാനത്തു നിരോധിച്ചതായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് അറിയിച്ചു. നിരോധിച്ച മരുന്നുകൾ, മരുന്നിന്റെ പേര്, ബാച്ച് നമ്പർ, ഉത്പാദകൻ എന്ന ക്രമത്തിൽ:

folimax (Folic Acid Tablets IP 5mg) NT 4050304 Dr. Kumar's Pharmaceuticals Bilaspur, carmisol forte 100ml LRM 003Restech Pharmaceuticals Puducherry, carmisol 100ml LCA005Restech Pharmaceuticals Puducherry, Carmisol forte 100ml LRM 004 Restech Pharmaceuticals Puducherry, Carmisol 100ml LCA 003Restech Pharmaceuticals Puducherry, Carmisol 100ml 2056Bulwark Pharmaceuticals chennai, Pant 40 (Pantoprazole Tablets) TNOT 601 Tanmed Pharmaceuticals chennai, Topp 40 (Pantoprazole Tablets) TP 06 Mepromax Life Science Pvt.Ltd. Dehradun Uttarkhand, GRA 82 (Aspirin IP 82mg) GW 1901Glenwell Pharma Puducherry, Betacil 8 (Betahistine Tablets IP 8mg) BEHS 14 C.I.Laboratories Kolkata, Betacil 8 (Betahistine Tablets IP 8mg) BEHS 11 C.I.Laboratories Kolkata, Rabifeel 20 Tablets (Rabeprazo le Sodium IP 20mg) 4245 Tee&Tee Healthcare Himachal Pradesh, Tumcef 500 JM 832C2823 J.M.Remedies Himachal Pradesh, Metar (Metoprolol Tartrate Tablets IP) CN 14002 Ortinn Laboratories Ltd. Medak, Omeprazole Capsure IP 20mg OZC 0248 Unicure India Ltd. Noida, Omeprazole Capsure IP 20mg OZC 0217 Unicure India Ltd. Noida, Lithium carbonate Tablets IP 300mg LCT 0203 Unicure India Ltd. Noida, Zediron Tablets (Ferrous Ascoarbate &Folic Acid Tablets) D 40549 Arion Healthcare Himachal Pradesh, Sixer Ointment 10 Darwin Formulations Pvt. Ltd. Andra Pradesh, Mysolon (Prednisolone IP 10mg) 140923 Modi Lifecare Industries Ltd. Gujarat, Salweet Syrup 1434 Saar Biotech Solan, Orpro Rabeprazole sodium Tablets IP ORO 045 M. M.Healthcare Pvt. Ltd. Himachal Pradesh, Parayes 500 (Paracetamol Tab IP) ZDT 1762 ZEE Laboratories Ltd. Paonta Sahib.

ഈ ബാച്ചുകളുടെ സ്റ്റോക്ക് കൈവശമുള്ളവർ അവയെല്ലാം വിതരണം ചെയ്തവർക്ക് തിരികെ അയക്കേണ്ടതും പൂർണ വിശദാംശങ്ങൾ അതത് ജില്ലയിലെ ഡ്രഗ്സ് കൺട്രോൾ ഓഫീസിലേക്ക് അറിയിക്കേണ്ടതുമാണ്.

# നീതി ആയോഗ് യോഗം: മുഖ്യമന്ത്രി ഡൽഹിക്ക്



*ന്യൂഡൽഹി:* നീതി ആയോഗിന്റെ കഴിഞ്ഞ യോഗം ബഹിഷ്കരിച്ച കോൺഗ്രസ് മുഖ്യമന്ത്രിമാർ നാളെ നടക്കുന്ന യോഗത്തിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി വിളിച്ച നീതി ആയോഗ് യോഗത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇന്നു രാത്രി ഡൽഹിയിലെത്തും.

ഭൂമി ഏറ്റെടുക്കൽ നിയമഭേദഗതിയടക്കം ചർച്ച ചെയ്യാൻ കഴിഞ്ഞ ജൂലൈ 15നു ചേർന്ന യോഗം കോൺഗ്രസ് മുഖ്യമന്ത്രിമാരും ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, തമിഴ്നാട് മുഖ്യമന്ത്രി ജയലളിത, യുപി മുഖ്യമന്ത്രി അഖിലേഷ് യാദവ്, ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക് എന്നിവരും ബഹിഷ്കരിച്ചിരുന്നു.

മോദിയെ എതിർക്കുന്ന ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, ത്രിപുര മുഖ്യമന്ത്രി മണിക് സർക്കാർ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ എന്നിവർ യോഗത്തിനെത്തുകയും ചെയ്തു.

ജവഹർലാൽ നെഹ്റുവിന്റെ കാലം മുതലുണ്ടായിരുന്ന ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടാണ് കേന്ദ്രസർക്കാർ നീതി ആയോഗ് (എൻഐടിഇ-നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ) എന്നു പേരു മാറ്റിയത്. റിസർവ് ബാങ്കിനു തൊട്ടടുത്തുള്ള കേന്ദ്ര ഓഫീസും മറ്റു സംവിധാനങ്ങളും എല്ലാം പഴയപടിയാണ് ഇപ്പോഴും. എല്ലാ മുഖ്യമന്ത്രിമാരും കേന്ദ്രഭരണ പ്രദേശങ്ങളിലെ ലഫ്. ഗവർണർമാരും ഭരണസമിതി (ഗവേണിംഗ് കൗൺസിൽ അംഗങ്ങളായി തുടരും.

പ്രധാനമന്ത്രി അധ്യക്ഷനായ നീതി ആയോഗിൽ അരവിന്ദ് പന ഗാരി ഉപാധ്യക്ഷനാണ്. സിന്ധുശ്രീ ഖുള്ളർ സിഇഒയായും പ്രവർത്തിക്കുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ്, ധനമന്ത്രി അരുൺ ജെയ്റ്റ്ലി, റെയിൽ മന്ത്രി സുരേഷ് പ്രഭു, കൃഷി മന്ത്രി രാധാമോഹൻ സിംഗ് എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളും ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി, മാനവശേഷി മന്ത്രി സ്മൃതി ഇറാനി, സാമൂഹ്യ നീതി മന്ത്രി തവർ ചന്ദ് ഗെലോട്ട് എന്നിവർ ക്ഷണിതാക്കളും വിവേക് ദെബ്രോയി, വി. കെ.സ്വാരസ്വത് എന്നിവർ മുഴുസമയ അംഗങ്ങളുമാണ്.

# പാഠപുസ്തക അച്ചടി വൈകിയതിൽ മുഖ്യമന്ത്രിക്കും പങ്ക്: വിഎസ്.അച്യുതാനന്ദൻ



തിരുവനന്തപുരം: പാഠപുസ്തക അച്ചടി അവതാളത്തിലാക്കുകയും 50 ലക്ഷത്തിലേറെ വിദ്യാർഥികളുടെ ഭാവി കുളംതോണ്ടുകയും ചെയ്തതിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കും പങ്കുണ്ടെന്നു പ്രതിപക്ഷ നേതാവ് വി. എസ് അച്യുതാനന്ദൻ.

വിദ്യാഭ്യാസ മന്ത്രി പി.കെ അബ്ദുറബ്ബിനെപ്പോലെ അച്ചടി വകുപ്പ് മന്ത്രി കെ.പി മോഹനനും ഇതിൽ ഉത്തരവാദിത്തമുണ്ട്. അഴിമതി നടത്താൻ ഈ രണ്ടു മന്ത്രിമാർക്കും ഒത്താശചെയ്തുകൊടുക്കുന്നതു മുഖ്യമന്ത്രിയാണെന്ന് അച്യുതാനന്ദൻ ആരോപിച്ചു.

പത്താം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കു രണ്ടാം ഘട്ടമായി വിതരണം ചെയ്യേണ്ട പാഠപുസ്തകങ്ങൾ നവംബറിൽ മാത്രമേ തയാറാവൂ എന്നാണ് ഇപ്പോൾ പറയുന്നത്.

പാഠപുസ്തകങ്ങൾക്കു പുറമേ ലോട്ടറി ടിക്കറ്റുകളും സർവകലാശാല ഉത്തരക്കടലാസുകളുമൊക്കെ തയാറാക്കേണ്ട ചുമതലയുള്ള കെബിപിഎസിൽ കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി ഒരു സ്ഥിരം എംഡി പോലും ഉണ്ടായിരുന്നില്ല.

സ്ഥാപനത്തിനു കോടിക്കണക്കിനു രൂപയുടെ പേപ്പർ വാങ്ങുന്നതിലും മറ്റും അഴിമതി നടത്തുന്നതിനുള്ള ഗൂഢശ്രമങ്ങളാണ് ഇക്കാലമത്രയും നടത്തിക്കൊണ്ടിരുന്നത്. ഇതിന്റെയൊക്കെ ഫലമായിട്ടാണ് പാഠപുസ്തക അച്ചടി കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുപോലും നിശ്ചിത സമയത്തു പൂർത്തിയാക്കാൻ കഴിയാതെ വന്നത്-അദ്ദേഹം തുടർന്നു.





## St.Thomas Indian Orthodox Church

### 1009 Unruh Avenue, Philadelphia, PA 19111

**Rental Space Available**

**1. Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.

**2. Sanctuary**: For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.

**3. Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.

**4. Other Rooms**: Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

**PEACE OF MIND CHARITIES, LLC**
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

## ബാബു ആന്റണിയുടെ കരാട്ടെ സ്കൂൾ തുടങ്ങി



*ഹൂസ്റ്റൺ:* പ്രമുഖ ചലച്ചിത്രതാരം ബാബു ആന്റണിയുടെ നേതൃത്വത്തിൽ അമേരിക്കയിൽ അയോധനകലാകേന്ദ്രം ആരംഭിച്ചു. സെപ്റ്റംബർ ഒന്നിനു (ചൊവ്വ) ടെക്സസിലെ ഹൂസ്റ്റണിൽ മിസോറി സിറ്റിയിലാണ് ബാബു ആന്റണി നേരിട്ടു പരിശീലനം നൽകുന്ന ഇന്റർനാഷണൽ സ്കൂളിന്റെ പ്രഥമ ശാഖ ആരംഭിച്ചത്.

ബാബു ആന്റണി സ്കൂൾ ഓഫ് മാർഷ്യൽ ആർട്സ് (ന്യൂ മില്ലേനിയം സ്കൂൾ 3402 Cartwright Rd, Missouri Ctiy, TX 77459) എന്ന് പേരു നൽകിയിരിക്കുന്ന സ്കൂളിന്റെ ആദ്യ ബാച്ചിൽ ബാബു ആന്റണിയുടെ ശിക്ഷണത്തിൽ വിദ്യാർഥികൾ ഇന്നലെ കരാട്ടെ പഠനത്തിനു തുടക്കം കുറിച്ചു.

ഔപചാരിക ഉദ്ഘാടനമോ വൻ പബ്ലിസിറ്റിയോ ഒന്നുമില്ലാതെയായിരുന്നു സ്കൂളിന്റെ പ്രവർത്തനം തുടങ്ങിയത്. പുരുഷന്മാർക്കും വനിതകൾക്കുമുള്ള ആദ്യബാച്ചാണ് തുടങ്ങിയത്. കുട്ടികൾക്കുള്ള അടുത്ത ബാച്ച് ഒക്ടോബർ ആദ്യ വാരം ആരംഭിക്കും.

കരാട്ടെ, കുംഗ് ഫു, തായിചി എന്നിവയ്ക്കു പുറമേ മിക്സഡ് മാർഷ്യൽ ആട്സും ബാബു ആന്റണി നേരിട്ട് പരിശീലനം നൽകുന്നു. ദുബായ്, ഷാർജ, ബഹറിൻ എന്നിവിടങ്ങളിലാണ് ബാബു ആന്റണി സ്കൂൾ ഓഫ് മാർഷ്യൽ ആർട്സിന്റെ മറ്റു ശാഖകൾ. ടെക്സസിലും കാലിഫോർണിയയിലും കൂടുതൽ ശാഖകൾ തുടങ്ങുവാനും പദ്ധതിയിടുന്നതായി ബാബു ആന്റണി പറഞ്ഞു.

**മാർട്ടിൻ വിലങ്ങോലിൽ**



**വാർത്താസമാഹരണം**
**ജോയിച്ചൻ പുതുക്കുളം**

## കെ.എസ്.എഫിയുടെ പേരിൽ ഏജന്റ് 15 ലക്ഷം രൂപ തിരിമറി നടത്തിയെന്ന് ആരോപണം

*ന്യൂയോർക്ക്:* സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചെങ്ങന്നൂർ ബ്രാഞ്ചിന്റെ മുദ്രയുള്ള 15 ലക്ഷം രൂപയുടെ വ്യാജ ഡിപ്പോസിറ്റ് രസീത് നൽകി അമേരിക്കൻ മലയാളിയുടെ പണം സർവീസ് ഏജന്റ് തട്ടിയെടുത്തതായി പരാതി.

2009 മുതൽ ചെങ്ങന്നൂർ ബ്രാഞ്ചിൽ ചിട്ടി ചേർന്ന റാന്നി സ്വദേശിയും അമേരിക്കയിലെ ഫ്ളോറിഡയിൽ സ്ഥിര താമസക്കാരനുമായ കളീക്കൽ ജോസഫ് ഇടിക്കുളയാണ് ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് ചീഫിനും കെ.എസ്.എഫ്.ഇ ബാങ്ക് അധികൃതർക്കും പരാതി നൽകിയത്. 2009 മുതലുള്ള ചിട്ടി പണം മണിട്രാൻസ്ഫർ വഴി ചെങ്ങന്നൂർ തിരുവൻവണ്ടൂർ സ്വദേശിയായ ഏജന്റിനു ജോസഫ് ഇടിക്കുള അയച്ചുകൊടുത്തു കൊണ്ടിരിക്കുകയായിരുന്നു. മെയ് മാസത്തിൽ നാട്ടിൽ എത്തിയ ജോസഫ് ഇടിക്കുള ബാങ്കിൽ വെച്ച് ഏജന്റിനെ കാണുകയും ചിട്ടിപ്പണം ഫിക്സഡ് ഡിപ്പോസിറ്റായി മാറ്റണമെന്ന് ആവശ്യപ്പെടുകയും അത് സംബന്ധിച്ചു ബാങ്ക് മാനേജരെ കാണുവാൻ നിന്നപ്പോൾ മാനേജർക്ക് ഇപ്പോൾ വേറെ അത്യാവശ്യ ചുമതലകൾ ഉള്ളതിനാൽ മാനേജർ തിരക്കിലാണെന്നും ഫിക്സഡ് ഡിപ്പോസിറ്റ് ശരിയാക്കി റസീപ്റ്റ് വീട്ടിൽ എത്തിച്ചുതരാമെന്നും ഏജന്റ് വിശ്വസിപ്പിക്കുകയായിരുന്നു. തുടർന്ന് ബാങ്കിന്റെ സർവീസ് ഏജന്റ്, ജോസഫ് ഇടിക്കുളയുടെ കല്ലിശേരിയിലുള്ള മകളുടെ ഭവനത്തിൽ എത്തി 15 ലക്ഷം രൂപയുടെ ബാങ്കിന്റെ ഡിപ്പോസിറ്റ് റസീപ്റ്റ് നൽകുകയായിരുന്നു.

തിരികെ ഫ്ളോറിഡയിൽ എത്തിയ ജോസഫ് ഇടിക്കുള ഓഗസ്റ്റ് 20നു ബാങ്ക് മാനേജരെ വിളിച്ചപ്പോഴാണു താൻ കബളിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും ഏജന്റ് വ്യാജമായി റസീപ്റ്റ് നിർമ്മിച്ച് നൽകിയതായിരിക്കുമെന്നും അറിയുന്നത്. പോലീസും ബാങ്ക് അധികൃതരും അന്വേഷണം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: സോബി തോമസ് +1 863 602 8847.

## മോർട്ടൻഗ്രോവ് സെന്റ് മേരീസ് മതബോധന സ്കൂളിൽ വിദ്യാരംഭം കുറിച്ചു



*ഷിക്കാഗോ:* മോർട്ടൻഗ്രോവ് സെന്റ് മേരീസ് മതബോധന സ്കൂളിലെ പുതിയ അധ്യയനവർഷം ഓഗസ്റ്റ് 30ന് ആരംഭിച്ചു.

മതബോധന സ്കൂളിൽ എത്തിച്ചേർന്ന അധ്യാപകർക്കും കുട്ടികൾക്കും വിശുദ്ധ കുർബാനക്കുശേഷം അസിസ്റ്റന്റ് വികാരി ഫാ. സുനി പടിഞ്ഞാറെക്കര പ്രത്യേക പ്രാർഥന നടത്തി ആശിർവദിച്ചു. അഞ്ഞൂറോളം കുട്ടികളും അധ്യാപകരുമാണ് ഈ വർഷം വിശ്വാസ പരിശീലനത്തിനായി എത്തിച്ചേർന്നത്. സ്കൂൾ ഡയറക്ടർ സജി പൂതൃക്കയിൽ അധ്യാപകരെ കുട്ടികൾക്ക് പരിചയപ്പെടുത്തി. സ്കൂൾ നിയമാവലിയെപ്പറ്റി ജോണി തെക്കേപറമ്പിൽ ക്ലാസ് എടുത്തു. പങ്കുവയ്ക്കലിന്റെ സന്ദേശം അറിയിച്ച് സ്ലൈഡ് ഷോ സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർ മനീഷ് കൈമൂലയിൽ നന്ദി പറഞ്ഞു. ഫാ. സുനി പടിഞ്ഞാറേക്കര, മനോജ് വഞ്ചിയിൽ, അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സ്ലൈഡ് ഷോയുടെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ചർച്ച് എക്സിക്യൂട്ടീവും അധ്യാപകരും പരിപാടികൾക്ക് നേതൃത്വം നൽകി.

വിശ്വാസ പരിശീലനത്തിനായി എത്തിച്ചേർന്ന കുട്ടികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും വികാരി ഫാ. തോമസ് മുളവനാൽ ആശംസകൾ നേർന്നു.

## കെഎച്ച്എൻഎ സ്കോളർഷിപ്പ് വിതരണം 6ന്



*തിരുവനന്തപുരം:* കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ആറിനു (ഞായർ) വിതരണം ചെയ്യും.

തിരുവനന്തപുരം പ്രസ്ക്ലബിൽ രാവിലെ 11 നു നടക്കുന്ന ചടങ്ങ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ ചീഫ് ജനറൽ മാനേജർ എസ്. ആദികേശവൻ ഉദ്ഘാടനം ചെയ്യും

കെഎച്ച്എൻഎ ട്രസ്റ്റീ ബോർഡ് ചെയർമാൻ ശശിധരൻ നായർ അധ്യക്ഷത വഹിക്കും. ചടങ്ങിൽ ഇന്റലിജൻസ് ഡിഐജി പി. വിജയൻ, കുമ്മനം രാജശേഖരൻ, മൻമഥൻ നായർ, വെങ്കിട് ശർമ്മ, ടി.എൻ. നായർ, സനൽ ഗോപി, അർ. അജിത് കുമാർ, മണ്ണടി ഹരി, അശോകൻ വേങ്ങശേരി, പി. ശ്രീകുമാർ തുടങ്ങിയവർ പങ്കെടുക്കും.

പ്രഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 250 ഡോളർ വീതമാണ് സ്കോർഷിപ്പ് നൽകുന്നത്. തുടർച്ചയായ ഒമ്പതാം വർഷമാണ് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്കായി സ്കോളർഷിപ്പ് നൽകുന്നത്. ഇത്തവണ നൂറു കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

For Advertisement Tel: 267-991-2111
CONTACT US

## യുഎസ് ടെക്നിക്കൽ മേഖലയിൽ ഉയരങ്ങൾ കീഴടക്കി ഇന്ത്യൻ കുടിയേറ്റസമൂഹം

*ന്യൂയോർക്ക്:* ഇന്ത്യക്കാരായ മാതാപിതാക്കൾ, തങ്ങളുടെ മക്കൾ കണക്കിലും സയൻസിലുമൊക്കെ മിടുക്കരായി വളരണമെന്നാഗ്രഹിക്കുന്നത്, സാമൂഹ്യശ്രേണിയിലെ ഉയരങ്ങളിലേക്കുള്ള വളർച്ച ലക്ഷ്യമിട്ടുതന്നെയാണ്. എന്നാൽ ആഗോളതലത്തിൽ തന്നെ മുൻനിരയിലുള്ള യുഎസ് കോർപറേഷനുകളിലൊക്കെയും ഇന്ത്യൻ കുടിയേറ്റസമൂഹം എക്സിക്യൂട്ടീവ് ചുമതലകളിലെത്തിപ്പെടുന്നതിന് പിന്നിൽ ഇന്ത്യയിൽ ലഭിക്കുന്ന മികച്ച വിദ്യാഭ്യാസത്തിനൊപ്പം, ലാളിത്യത്തിലും മൂല്യങ്ങളിലും പരസ്പരസഹവർത്തിത്വത്തിലും അടിയുറച്ച ഇന്ത്യൻ സംസ്കാരവും നിർണായക സ്വാധീനം ചെലുത്തുന്നുവെന്നാണു വിലയിരുത്തൽ.

മൈക്രോസോഫ്റ്റ് സിഇഒ ആയി നിയമിക്കപ്പെട്ട സത്യ നദെല്ലയ്ക്ക് പിന്നാലെ അടുത്തിടെ ഗൂഗിൾ ചീഫ് എക്സിക്യൂട്ടീവായുള്ള സുന്ദർ പിച്ചെയുടെ നിയമനവും ഈ ഒരു വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഇന്ത്യൻ കുടിയേറ്റസമൂഹം സാരഥ്യമേകുന്ന അഡോബ് സിസ്റ്റംസ്, നോക്കിയ, ഗ്ലോബൽ ഫൗണ്ട്റീസ്, മാസ്റ്റർ കാർഡ്, തുടങ്ങിയ കമ്പനികൾക്കൊപ്പം നദെല്ലയുടെയും പിച്ചെയുടെയും രംഗപ്രവേശം കൂടിയായതോടെ ഇന്ത്യൻസംസ്കാരത്തിനും ഇവിടുത്തെ രൂപപ്പെടലിനും മൂല്യമേറിയതായി സാംസ്കാരിക വിദഗ്ധരും ഇന്ത്യൻ എക്സിക്യൂട്ടിവുകളും വിലയിരുത്തുന്നു.

മികച്ച വിദ്യാഭ്യാസ അടിത്തറയ്ക്കൊപ്പം ടെക്നിക്കൽ മികവും സാങ്കേതികരംഗത്ത് ഉയരങ്ങൾ കീഴടക്കാൻ ആവശ്യമാണ്, സിലിക്കോൺ വാലി സംരംഭകർ പറയുന്നു. എന്റ്രപ്രനീരിയൽ മികവിനൊപ്പം ജോലിസംബന്ധമായി പുലർത്തേണ്ട ധാർമികതയെയും ഇന്ന് സമൂഹം വിലമതിക്കുന്നു. മൈഗ്രേഷൻ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കനുസരിച്ച് ടോപ്പ് എക്സിക്യൂട്ടീവ്സിനു പുറമേ 89000 ഇന്ത്യക്കാർ സിലിക്കോൺവാലിയിൽ താമസിക്കുന്നുണ്ട്. സാൻഫ്രാൻസിസ്കോയിലും ഓക്ലൻഡിലുമായി മറ്റൊരു 86,000 പേരും താമസിക്കുന്നു.

**ജോർജ് തുമ്പയിൽ**

## ലാനയുടെ പത്താമത് ദേശീയ കൺവൻഷൻ



*ഡാളസ്:* ലാനയുടെ പത്താമത് ദേശീയ കൺവൻഷൻ ഒക്ടോബർ 30, 31 നവംബർ ഒന്ന് തീയതികളിൽ ഡാളസിൽ നടക്കും.

സമ്മേളനത്തിന്റെ ആദ്യ ദിനമായ 30നു (വെള്ളി) ഉദ്ഘാടന സമ്മേളനത്തിനുശേഷം നടക്കുന്ന കാവ്യസന്ധ്യ, ലാന സമ്മേളനങ്ങളിലെ ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയായിരിക്കുമെന്ന് ഭാരവാഹികൾ അവകാശപ്പെട്ടു.

കാവ്യ സന്ധ്യയുടെ ചുമതല വഹിക്കുന്നത് അറിയപ്പെടുന്ന കവിയും സാഹിത്യകാരനുമായ ജോസഫ് നമ്പിമഠം ആണ്. കാവ്യ സന്ധ്യയുടെ തീം 'മലയാള കവിത കാലഘട്ടങ്ങളിലൂടെ' എന്നതായിരിക്കും. മലയാള കവിതയുടെ പരിണാമം സൂചിപ്പിക്കുന്ന കവിതകൾ അവതരിപ്പിക്കാനുള്ള അസുലഭാവസരമായി പരിപാടിയെ കാണാവുന്നതാണ്. മലയാള കവിതയുടെ ഉത്ഭവം മുതൽ ഏറ്റവും നവീനമായ കവിത വരെയുള്ള ഏതു കവിതയും അവതരിപ്പിക്കാനുള്ള അവസരം ഉണ്ടായിരിക്കും.

കവിതകൾ സ്വന്ത രചനകളോ മറ്റു കവികളുടെ കവിതകളോ ആകാം. സമയ പരിമിതി ഉള്ളതുകൊണ്ട് ഒരാൾക്ക് അഞ്ചു മിനിറ്റു വരെ സമയം അനുവദിക്കും. പങ്കെടുക്കുന്നവരുടെ എണ്ണമനുസരിച്ച് സമയ ക്രമത്തിൽ മാറ്റം വന്നേക്കാം. പങ്കെടുക്കാൻ താത്പര്യമുള്ളവർ അക്കാര്യം കഴിവതും വേഗം അവതരിപ്പിക്കുന്ന കവിത, കവി എന്നിവയെപ്പറ്റിയുള്ള ഒരു ലഘു വിവരണ സഹിതം ബന്ധപ്പെട്ടവരെ അറിയിക്കുക.

മലയാള കവിത അവതരിപ്പിക്കാൻ കഴിവുള്ള കുട്ടികളെയും കാവ്യ സന്ധ്യയിലേയ്ക്ക് സ്വാഗതം ചെയ്തു. പരിപാടിയുമായി എല്ലാവരും സഹകരിക്കണമെന്ന് കാവ്യ സന്ധ്യയുടെ ചുമതലക്കാരനായ ജോസഫ് നമ്പിമഠം അഭ്യർഥിച്ചു.

വിവരങ്ങൾക്ക്: ജോസ് ഓച്ചാലിൽ 4693635642, ഏബ്രഹാം തെക്കേമുറി 4692225521 ,ജോസഫ് നമ്പിമഠം 2145649 371

## ഇന്ത്യ പ്രസ്ക്ലബ് കോൺഫറൻസ്

**ജോസ് കണിയാലി**



*ന്യൂയോർക്ക്:* അമേരിക്കയിലെ മലയാള മാധ്യമ രംഗത്തിന് അതിരുകളില്ലാത്ത സംഘ ബോധം പകർന്ന ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക നവംബർ 19, 20, 21 തീയതികളിൽ ഷിക്കാഗോയിൽ നടത്തുന്ന ആറാമത് ദേശീയ കോൺഫറൻസിൽ ദൃശ്യമാധ്യമ രംഗത്ത് പ്രമുഖനായ പി.ജി. സുരേഷ്കുമാർ അതിഥിയായെത്തുന്നു. ഗ്ലെൻവ്യൂവിലുള്ള വിൻധം ഹോട്ടലിലാണു കോൺഫറൻസ് അരങ്ങേറുക.

ഏഷ്യാനെറ്റിലെ നേർക്കുനേർ എന്ന ടോക്ഷോ സുരേഷ്കുമാർ അവതരിപ്പിക്കുന്ന പ്രോഗ്രാമാണ്. 450 എപ്പിസോഡ് പിന്നിട്ട രാഷ്ട്രീയ, സാമൂഹ്യ വിശകലന പംക്തിയാണു നേർക്കുനേർ. ഏഷ്യാനെറ്റ് ന്യൂസിന്റെ കോഓർഡിനേറ്റിംഗ് എഡിറ്റർ ഇൻ ചാർജാണ് റാന്നി സ്വദേശിയായ സുരേഷ്കുമാർ. 1998ൽ പത്രപ്രവർത്തകനായി അരങ്ങേറ്റം കുറിച്ച സുരേഷ്കുമാർ പിറ്റേവർഷമാണ് ഏഷ്യാനെറ്റിലെത്തുന്നത്.

കൈരളി ടിവി മാനേജിംഗ് ഡയറക്ടർ ജോൺ ബ്രിട്ടാസ്, മനോരമ ഓൺലൈൻ കണ്ടന്റ് കോ-ഓർഡിനേറ്റർ സന്തോഷ് ജോർജ് ജേക്കബ്, കേരള മീഡിയ അക്കാഡമി ചെയർമാനും ദീപികയുടെ ലീഡർ റൈറ്ററുമായ സെർജി ആന്റണി എന്നിവരാണ് പി. ജി. സുരേഷ്കുമാറിനു പുറമേ കോൺഫറൻസിലെ സെമിനാറുകൾ നയിക്കുന്ന മാധ്യമ പ്രതിഭകൾ.

## വാർഷിക കൺവൻഷൻ 10 മുതൽ

**ജീമോൻ റാന്നി**

*ഹൂസ്റ്റൺ:* ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ ഇടവകയിലെ ഇടവക മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള വാർഷിക കൺവൻഷൻ സെപ്റ്റംബർ 10, 11, 12, 13 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ട്രിനിറ്റി ദേവാലയത്തിൽ നടക്കും.

അനുഗ്രഹീത കൺവൻഷൻ പ്രാസംഗകരായ മിഷൻസ് ഇന്ത്യ ജനറൽ സെക്രട്ടറിയുമായ ഡോ. ജോർജ് ചെറിയാൻ (നവജീവോദയം, തിരുവല്ല), മുഖ്യ പ്രാസംഗികനായിരിക്കും. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരം ഏഴിന് ഗാന ശുശ്രൂഷയോടെ യോഗങ്ങൾ ആരംഭിക്കും. ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ സമാപന പ്രസംഗവും ഉണ്ടായിരിക്കും.

വിവരങ്ങൾക്ക്: റവ. കൊച്ചുകോശി ഏബ്രഹാം (വികാരി) 281 261 4603, റവ. മാത്യൂസ് ഫിലിപ്പ് (അസി. വികാരി) 832 898 8699, ടി.എ. മാത്യു (സെക്രട്ടറി) 713 436 2207.

## ആര്യയും ബഡായി ബംഗ്ലാവും പിന്നെ ജയറാം ഷോയും

**ജോർജ് തുമ്പയിൽ**



*ന്യൂയോർക്ക്:* മാസങ്ങൾക്കു മുമ്പുള്ള കഥയാണ്. യു.എസിൽ ഒരു ഷോയിൽ പങ്കെടുക്കാനായിരുന്നു ബഡായി ബംഗ്ലാവ്, എന്ന സൂപ്പർ ഹിറ്റ് ഏഷ്യാനെറ്റ് ടോക്ക് ഷോ നായിക ആര്യ എത്തിയത്. പ്രോഗ്രാമൊക്കെ ഭംഗിയായി കഴിഞ്ഞപ്പോൾ സ്റ്റേജിന് പിറകിലേക്കു കുറച്ച് ആന്റിമാർ വന്നു. അവർക്ക് ആര്യയെ പരിചയപ്പെടണം. സംസാരിക്കണം.

ആര്യ അദ്ഭുതപ്പെട്ടുപോയി. അമേരിക്കയിൽ തനിക്കും ആരാധകരോ? സംഭവം സത്യമാണ്. ബഡായി ബംഗ്ലാവ്' തുടങ്ങിയതു മുതൽ ആര്യയുടെ ആരാധകരാണവർ.

'എന്താ ഭർത്താവിനെ കൊണ്ടുവരാതിരുന്നത്?' പരിചയപ്പെട്ടശേഷം കൂട്ടത്തിലെ മുതിർന്ന സ്ത്രീ ചോദിച്ചു.

'വിദേശത്തേക്ക് പോകാൻ ഒരാൾക്ക് മാത്രമേ സ്പോൺസർമാർ ടിക്കറ്റ് നൽകാറുള്ളൂ. അതുകൊണ്ടുതന്നെ ഭർത്താവിനെ കൊണ്ടുവരാൻ പറ്റില്ല.' ആര്യ മറുപടി പറഞ്ഞു.

'പുള്ളി മിമിക്രിയൊക്കെ ചെയ്യുന്നതല്ലേ. നിങ്ങളുടെ പ്രോഗ്രാമിൽ മിമിക്രി ഉൾപ്പെടുത്തിയാൽ പോരേ?"

അടുത്തയാളുടെ ചോദ്യം കേട്ടപ്പോൾ ആര്യക്കു കാര്യം പിടികിട്ടി. ഇവർ സംസാരിക്കുന്നത് തന്റെ സ്വന്തം ഭർത്താവിനെക്കുറിച്ചല്ല. രമേഷ് പിഷാരടിയുടെ കാര്യമാണ്.

'രമേഷ് പിഷാരടിക്ക് വേറെ ഭാര്യയും കുട്ടിയുമൊക്കെയുണ്ട്."ആര്യ പറഞ്ഞപ്പോൾ ഉടൻ വന്നു അടുത്ത സംശയം.

'അപ്പോൾ അവൻ കുട്ടിയെ ഇതുവരെ ചതിക്കുകയായിരുന്നോ?" ആന്റിമാർ വിടുന്ന മട്ടില്ല. ആര്യ അവരോട് വിശദമായിത്തന്നെ സംസാരിച്ചു.

'എനിക്കും സ്വന്തമായി ഭർത്താവുണ്ട്. കുട്ടിയും. ഇതൊരു പ്രോഗ്രാം മാത്രമാണ്. എല്ലാവരും സ്വന്തം പേര് ഉപയോഗിക്കുന്നു എന്നു മാത്രം.'

ആര്യയ്ക്ക് ഇതാദ്യത്തെ അനുഭവമല്ല. 'ബഡായി ബംഗ്ലാവി'ലെ ഗൃഹനാഥ ആയതു മുതൽ കേൾക്കാൻ തുടങ്ങിയതാണ്. അഞ്ചുവർഷം സീരിയലുകളിൽ നല്ല കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടും കിട്ടാത്ത പ്രശസ്തിയാണ് ഒറ്റയൊരു ഷോ കൊണ്ട് അവർ നേടിയെടുത്തത്. ബംഗ്ലാവിലെ പെൺകുട്ടിയെ കണ്ടാണ് 'ലൈലാ ഓ ലൈലാ' എന്ന മോഹൻലാൽ സിനിമയിൽ അഭിനയിക്കാൻ സംവിധായകൻ ജോഷി വിളിച്ചത്. അതു കഴിഞ്ഞ് വിനീത് ശ്രീനിവാസൻ നായകനായ 'ഒരു സെക്കൻഡ് ക്ലാസ് യാത്ര'. കഴിഞ്ഞ ഒരു വർഷത്തിലധികമായി ഏഷ്യാനെറ്റിൽ 'ബഡായി ബംഗ്ലാവ്' ഹിറ്റായി ഓടിക്കൊണ്ടിരിക്കുകയാണ്. ഇതൊരിക്കലും അവസാനിക്കരുതേ എന്ന പ്രാർഥനയാണിപ്പോഴും ആര്യക്ക്. അമേരിക്കയിൽ പരിപാടിക്കു മുൻപേ വൻ ജനപ്രീതിയാർജ്ജിച്ചു കഴിഞ്ഞ ജയറാം ഷോ- എന്ന മെഗാ ഇവന്റ് ഷോയിൽ പങ്കെടുക്കുന്ന ത്രില്ലിലാണ് ആര്യ ഇപ്പോൾ. അമേരിക്കയിലേക്ക് പറക്കാനുള്ള വിസ എത്തിക്കഴിഞ്ഞു. റിഹേഴ്സൽ ക്യാമ്പിൽ മറ്റ് താരങ്ങൾക്കൊപ്പം കളിച്ചും ചിരിച്ചും ജയറാം ഷോയിൽ തന്റെ ഭാഗം വിജയമാക്കാനുള്ള യത്നത്തിലാണ് ഈ കലാകാരി.

ജയറാം ഷോയിൽ ആര്യയേ കൂടാതെ, പ്രിയാമണി, ഉണ്ണിമേനോൻ, ധർമ്മജൻ, പാഷാണം ഷാജി എന്ന പേരിൽ അറിയപ്പെടുന്ന വെള്ളിമൂങ്ങ ഫെയിം സാജു നവോദയ, ഹരിശ്രീ യൂസഫ്, ഡെലിസി, വിഷ്ണു, സിനിമ ചിരിമാ കോമഡി ഷോയുടെ സ്ക്രിപ്റ്റ് റൈറ്റേഴ്സ് തുടങ്ങി മലയാളത്തിലെ മികച്ച കലാകാരന്മാരുടെ നീണ്ട നിര തന്നെ ഈ ഷോയിൽ പങ്കെടുക്കുന്നുണ്ട്. കോറിയോഗ്രാഫർ ശ്രീജിത്തിന്റെ നേതൃത്വത്തിലാണ് ഡാൻസ് ഐറ്റംസ് ഉൾപ്പെടുത്തിയിരിക്കുന്നത്. യുണൈറ്റഡ് ഗ്ലോബൽ മീഡിയ എന്റർടെയ്ൻമെന്റാണ് (യുജിഎം) പരിപാടിയുടെ നാഷണൽ സ്പോൺസർ.

അമേരിക്കയിലും കാനഡയിലുമായി പത്തിലധികം വേദികളിൽ ജയറാം ഷോ അരങ്ങേറുന്നുണ്ട്. സെപ്തംബർ 12-ന് ന്യൂയോർക്കിലും (Colden Center Auditorium, 6530 Kissena Blvd (at Queens College), Flushing, NY 11367 ) സെപ്തംബർ 13-ന് ന്യൂജേഴ്സിയിലും നടക്കുന്ന പരിപാടി അമേരിക്കയിലെ പ്രശസ്ത എന്റർടെയ്ൻമെന്റ് ഗ്രൂപ്പ് ഹെഡ്ജ് എന്റർടെയ്ൻമെന്റ്സാണ് മലയാളികൾക്കായി ഒരുക്കുന്നത്.

ജയറാം ഷോയുടെ കൂടുതൽ വിവരങ്ങൾക്ക്: സജി ഹെഡ്ജ് ഇവന്റ്സ് (516)433-4310, hedgebrokerage@gmail.com

# ഒന്റാരിയോ മലയാളി അസോസിയേഷന്റെ ഓണാഘോഷം 6ന്

**ഷിബു കിഴക്കേക്കുറ്റ്**

*മിസിസൗഗ:* ഒന്റാരിയോ മലയാളി അസോസിയേഷന്റെ (ഓർമ) ഓണാഘോഷം 'ഓർമ പൊന്നോണം 2015' ആറിനു (ഞായർ) രാവിലെ ഒമ്പതു മുതൽ വൈകുന്നേരം ആറു വരെ മിസിസൗഗ വൈൽഡ് വുഡ്പാർക്കിൽ നടക്കും.

രാവിലെ അത്തപ്പൂക്കളത്തോടെ ഓണാഘോഷങ്ങൾക്കു തുടക്കം കുറിക്കും. തുടർന്നു കുട്ടികൾക്കും മുതിന്നവർക്കുമായി വിവിധ കായിക മത്സരങ്ങൾ നടക്കും. തുടർന്നു മാവേലിയെ വരവേൽക്കും.

പുരുഷന്മാർക്കും സ്ത്രീകൾക്കുമായി പ്രത്യേകം വടംവലിമത്സരം സംഘടിപ്പിക്കും. ഒന്നാം സ്ഥാനക്കാർക്ക് 501 ഡോളറും രണ്ടാം സ്ഥാനക്കാർക്ക് 201 ഡോളറും സമ്മാനമായി ലഭിക്കും. ഉച്ചയ്ക്കു വിഭവസമൃദ്ധമായ ഓണസദ്യയെ തുടർന്നു തുരുവാതിരയും മറ്റുകലാപരിപാടികളും അരങ്ങേറും. മികച്ച രീതിയിൽ കേരളീയ വസ്ത്രമണിഞ്ഞ് വരുന്ന കുടുംബത്തിനു പ്രത്യേകം സമ്മാനം ലഭിക്കും. മികച്ച ഓണവസ്ത്ര മത്സരം പരിപാടിയുടെ പ്രത്യേക ആകർഷണമാണ്. ഒന്നു മുതൽ ആറു വയസുവരെയും ഏഴു മുതൽ 15 വരെയുമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരങ്ങളുണ്ടായിരിക്കും. മികച്ച വസ്ത്രധാരണ രീതി, നിറക്കൂട്ട്, വസ്ത്രഭംഗി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ നിർണയിക്കുക. ആവേശകരമായ പഞ്ചഗുസ്തി മത്സരം മറ്റൊരാകർഷണമാണ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ 10 ഡോളർ ഫീസു നൽകി പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

വിവിധ കായിക പരിപാടിയിൽ വിജയികളാകുന്നവർക്കു സമ്മാനങ്ങളും ഉണ്ടായിരിക്കുമെന്ന് ഓർമ പ്രസിഡന്റ് ലിജോ ചാക്കോ, സെക്രട്ടറി ടോം ജയിംസ് എന്നിവർ അറിയിച്ചു.

# ശ്രീനാരായണ അസോസിയേഷൻ ടൊറേന്റോയുടെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 12ന്

**ജയ്ശങ്കർ പിള്ള**

*ടൊറേന്റോ:* ശ്രീനാരായണ അസോസിയേഷൻ ടൊറേന്റോയുടെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ 12നു (ശനി) എറിൻ ഗേറ്റ് ഡ്രൈവിലെ മൈക്കൽ പവർ സെന്റ് ജോസഫ് സ്കൂളിൽ (Michael Power / St. Joseph High School, 105 Erin Gate Drive, Etobicoke, ON M9C 3Z) നടക്കും. വൈകുന്നേരം അഞ്ചു മുതൽ പത്തു വരെ നടക്കുന്ന കാര്യപരിപാടികളിൽ ഓണസദ്യയും വൈവിധ്യമാർന്ന ദൃശ്യവിരുന്നുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

കലാപരിപാടികളിൽ വെസ്റ്റേൺ കണ്ടംപററി, സെമി ക്ലാസിക്കൽ, തിരുവാതിര എന്നീ നൃത്തരൂപങ്ങൾക്കൊപ്പം ഓം റോക്ക് ബാൻഡിന്റെ സംഗീത പരിപാടികളും പുരുഷന്മാരുടെ വട്ടപ്പാട്ടും കലാസ്വാദകർക്കായി ഒരുക്കിയിട്ടുണ്ട്. മുതിർന്നവർക്ക് 15 ഡോളറും ആറു മുതൽ 12 വയസുവരെയുള്ള കുട്ടികൾക്ക് 10 ഡോളറും എന്ന നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാണ്. ആറു വയസിൽ താഴെയുള്ളവർക്കു പ്രവേശനം സൗജന്യം

വിവരങ്ങൾക്ക്: ശ്രീകുമാർ ജനാർദ്ദനൻ 905 902 3909, ഉമാശങ്കർ 416 346 4797, ഷമിത 647 983 2458.

# വേൾഡ് മലയാളി കൗൺസിൽ സംയുക്ത ഓണാഘോഷം സെപ്റ്റംബർ 5ന് ഡാളസിൽ

*ഡാളസ്:* ഇരുപതാം വയസിലേക്കു കടക്കുന്ന വേൾഡ് മലയാളി കൗൺസിൽ ഡാളസ്, നോർത്ത് ടെക്സസ്, ഡിഎഫ്ഡബ്ല്യൂ പ്രോവിൻസുകളുടെ സംയുക്ത ഓണാഘോഷം ശനിയാഴ്ച ഗാർലൻഡിലുള്ള സെന്റ് തോമസ് കാത്തലിക് പള്ളിയുടെ ഓഡിറ്റോറിയത്തിൽ നടത്തുന്നതിനുള്ള എല്ലാ തയാറെടുപ്പുകളും പൂർത്തിയായതായി ഓണാഘോഷ കമ്മിറ്റി അറിയിച്ചു.

വാഴയിലയിൽ വിളമ്പുന്ന അതിസമൃദ്ധമായ ഓണസദ്യയും, കേരളത്തിന്റെ സംസ്കാരവും കലാപൈതൃകവും പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്ന കലാ പരിപാടികളുംകൊണ്ട് ഈ ആഘോഷം മനോഹരമാക്കുവാൻ അംഗങ്ങൾ എല്ലാം തയ്യാറെടുത്തു കഴിഞ്ഞു. ഐശ്വര്യത്തിന്റേയും സാഹോദര്യത്തിന്റെയും പ്രതീകമായ ഓണാഘോഷങ്ങളിൽ പങ്കു ചേരുവാനും, ശ്രമങ്ങളിൽ ഭാഗഭാക്കാകുവാനും അമേരിക്കയിലുള്ള എല്ലാ മലയാളി സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും കമ്മിറ്റിക്കുവേണ്ടി മൂന്നു പ്രോവിൻസുകളുടെയും പ്രസിഡന്റുമാരായ വർഗീസ് മാത്യു, ഷാജി രാമപുരം, സെസിൽ ചെറിയാൻ എന്നിവർ ചേർന്നു ക്ഷണിക്കുന്നു.

ഓണാഘോഷങ്ങൾ ശനിയാഴ്ച രാവിലെ 10.30നു തുടങ്ങുന്നതാണ്. കലാപരിപാടികൾക്കുശേഷം ഓണ സദ്യയും ഉണ്ടായിരിക്കുന്നതാണ്. പ്രമോദ് നായർ അറിയിച്ചതാണിത്.

# ശിവ ഫൈറ്റേഴ്സ് കരാട്ടെ ഡു വേനൽക്കാല ഗ്രേഡിംഗ് സമാപിച്ചു



**ജയ്ശങ്കർ പിള്ള**

*മിസിസാഗ:* വിവിധ പ്രായത്തിലുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച കരാട്ടെ ഗ്രേഡിംഗ് ടെസ്റ്റ് ഓഗസ്റ്റ് 29നു (ഞായർ) ബ്രിട്ടാണിയ റോഡിലുള്ള കരാട്ടെ സ്കൂളിൽ സമാപിച്ചു.

കഴിഞ്ഞ ആറു മാസമായി വിവിധ ഇനം ബെൽറ്റുകളിൽ പരിശീലനം നേടിവന്ന നിരവധി കുട്ടികൾ ടെസ്റ്റിൽ പങ്കെടുത്തു. ഓഗസ്റ്റ് രണ്ടിനു നടത്തിയ ഒന്റാരിയോ കരാട്ടെ ടൂർണമെന്റിനു പുറമേ ആണ് ഗ്രേഡിംഗ് ടെസ്റ്റ് നടത്തിയത്.

വിജയികളായ കുട്ടികൾക്ക് മാസ്റ്റർ ശിവ വടിവേൽ വിവിധതരം ബെൽറ്റുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

ശിവ ഫൈറ്റേഴ്സ് നടത്തുന്ന പതിമൂന്നാമത് ഗ്രേഡിംഗ് ടെസ്റ്റ് ബ്രാംപ്ടൻ സെന്ററിലും സംഘടിപ്പിച്ചു. കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനു കരാട്ടെ സഹായിക്കുമെന്ന് ഇൻസ്ട്രക്ടർമാരായ തുഷെന്ത് തുരന്ഗിത് എന്നിവർ അഭിപ്രായപ്പെട്ടു. നാലു വയസുമുതൽ മുതിർന്നവർക്കുവരെ പഠന സൗകര്യം സെന്ററിൽ ഒരുക്കിയിട്ടുണ്ട്. ശിവ ഫൈറ്റേഴ്സിന്റെ വിദ്യാർഥികളിൽ മുഴുവൻ പേരും പഠന നിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്നുവെന്ന് ഡബിൾ ബ്ലാക്ക് ബെൽറ്റ് വിന്നർ കൂടിയായ വടിവേൽ അഭിപ്രായപ്പെട്ടു.

# ഹൂസ്റ്റണിൽ കെസ്റ്റർ ലൈവ് 2015 സംഗീത നിശ ഒക്ടോബർ നാലിന്; ഒരുക്കങ്ങൾ ആരംഭിച്ചു



**ജീമോൻ റാന്നി**

*ഹൂസ്റ്റൺ:* ചുരുങ്ങിയ വർഷങ്ങൾകൊണ്ട് ക്രിസ്തീയ സംഗീത ലോകത്തെ അതുല്യപ്രതിഭയായി മാറിയ കെസ്റ്റർ, കെസ്റ്റർ ലൈവ് 2015 ഷോയുമായി ആദ്യ അമേരിക്കൻ സന്ദർശനത്തിനെത്തുന്നു.

എംഎം എന്റർടെയ്ൻമെന്റും റെഡിമെർ കിംഗ്ഡവും സംയുക്തമായി അവതരിപ്പിക്കുന്ന സംഗീതനിശയുടെ ടിക്കറ്റ് വിതരണം ഹൂസ്റ്റണിൽ കിക്ക് ഓഫ് ചെയ്തു.

ഓഗസ്റ്റ് 27ന് പാം ഇന്ത്യ റസ്റ്ററന്റിൽ നടന്ന പ്രത്യേക ചടങ്ങിൽ ഇമ്മാനുവൽ മാർത്തോമ ഇടവക വികാരി റവ. സജു മാത്യു, മോഡേൺ ഒപ്റ്റിക്കൽസ് ഡയറക്ടർ ഏലിയാസർ ചാക്കോയ്ക്ക് ആദ്യ ടിക്കറ്റ് നൽകി കിക്ക് ഓഫ് നിർവഹിച്ചു. പ്രോഗ്രാം കമ്മിറ്റി അംഗങ്ങളും സഹപ്രവർത്തകരും സന്നിഹിതരായി പരിപാടിയുടെ വിജയത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ചർച്ച ചെയ്തു.

ആദ്യമായി അമേരിക്കയിലെത്തുന്ന കെസ്റ്റർ, മലയാളി ക്രൈസ്തവ മനസുകളിൽ ഏറെ സ്ഥാനം പിടിച്ച ഗായകനാണ്. അദ്ദേഹത്തോടൊപ്പം പ്രശസ്ത ഗായകരായ ബിനോയ് ചാക്കോ, സിസിലി ഏബ്രഹാം എന്നിവരും സംഗീത സംവിധായകൻ സുനിൽ സോളമനും ലൈവ് ഓർക്കസ്ട്രയോടൊപ്പം അണിനിരക്കുന്നു.

ഒക്ടോബർ നാലിനു (ഞായർ) വൈകുന്നേരം ആറിന് സ്റ്റാഫോഡിലുള്ള ഇമ്മാനുവൽ സെന്ററിൽ നടക്കുന്ന അനശ്വര സംഗീതനിശ ഹൂസ്റ്റൺ മലയാളികൾക്ക് എന്നും ഓർത്തിരിക്കുന്ന ഒരു അനുഗ്രഹീത ആത്മീയ അനുഭവമായി മാറുമെന്നു സംഘാടകർ അവകാശപ്പെട്ടു.

പരിപാടിയിൽനിന്നു ലഭിക്കുന്ന ഫണ്ടിന്റെ ഒരു വിഹിതം റാന്നിയുടെ കിഴക്കൻ മേഖലയിലുള്ള ആദിവാസി കുട്ടികളുടെ പഠനത്തിനായി വിനിയോഗിക്കുമെന്നു സംഘാടകർ അറിയിച്ചു.

വിവരങ്ങൾക്ക്: റോയി ജോർജ് 832 642 5607, ജോസഫ് വർഗീസ് 832 605 6715, ഫിന്നി രാജു 832 646 9078.

# മാവേലി മന്നന് കൊളംബസിൽ വരവേൽപ്

*ഒഹായോ:* ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും പൊന്നോണം കൊളംബസ് സീറോ മലബാർ മിഷനിൽ കേരളത്തനിമയോടുകൂടി ആഘോഷിച്ചു. മാവേലി മന്നനെ ശിങ്കാരിമേളത്തിന്റെ താളമേളങ്ങളോടെ ഏതിരേറ്റു. മാവേലി ഓണാശംസകൾ നേരുകയും ഓണസമ്മാനങ്ങൾ എല്ലാ കുടുംബങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്തു.

മലയാളി മങ്കമാരുടെ തിരുവാതിരകളിയും, കൊളംബസ് യൂത്തിന്റെ മാപ്പിളപ്പാട്ടിന്റെ നൃത്തച്ചുവടും, കുട്ടികളുടെ വൈവിധ്യമാർന്ന കലാവിരുന്നും ഓണസന്ധ്യയ്ക്ക് നിറപ്പകിട്ടേകി.

ജോജോ, ജിൻസൺ, ഷിംഷ, ഐറിൻ, അരിൺ, അബ്രഹാം, സെറീന എന്നിവർ ഓണാഘോഷ പരിപാടികൾക്കും, ഓണസദ്യയ്ക്കും നേതൃത്വം നൽകി. ജനറൽ കൺവീനർ പോൾ തുണ്ടത്തിൽ സ്വാഗതവും, ഡയറക്ടർ ഫാ. ജോ പാച്ചേരിൽ സിഎംഐ മുഖ്യപ്രഭാഷണവും, ഗ്രീന പള്ളിത്താനം നന്ദിയും രേഖപ്പെടുത്തി. പിആർഒ കിരൺ എലിവിങ്കൽ അറിയിച്ചതാണിത്.

# റോക്ക്‌ലാൻഡ് ക്നാനായ മിഷനിൽ പ. കന്യകാമറിയത്തിന്റെ തിരുനാൾ

*ന്യൂയോർക്ക്:* റോക്‌ലാൻഡ് ക്നാനായ കാത്തലിക് മിഷനിൽ പരിശുദ്ധ കന്യമറിയത്തിന്റെ തിരുനാൾ ആഘോഷിക്കുന്നു. 6ന് രാവിലെ 10നു തിരുനാളിനു കൊടിയേറും. 10ന് ലദീഞ്ഞ്.

തുടർന്നു നടക്കുന്ന ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് ഫാ. തോമസ് ആനിമൂട്ടിൽ (ഡയറക്ടർ, കാരിത്താസ് ഹോസ്പിറ്റൽ) കാർമികത്വം വഹിക്കും. ഫാ. ഏബ്രഹാം കളിരിക്കൽ തിരുനാൾ സന്ദേശം നൽകും. 12ന് തിരുനാൾ പ്രദക്ഷിണം. തുടർന്നു പരിശുദ്ധ കുർബാനയുടെ ആശീർവാദം എന്നിവ നടക്കും.

40 പ്രസുദേന്തിമാരാണ് തിരുനാൾ കർമങ്ങൾ ഏറ്റു നടത്തുന്നത്. മിഷൻ ഡയറക്ടർ ഫാ. റെന്നി കട്ടേൽ ട്രസ്റ്റിമാരായ സിബി മണലേൽ, ഫിലിപ്പ് ചാമക്കാല, ടെയ്സി മണിമല, രാജു മങ്ങാട്ടു തുണ്ടത്തിൽ നേതൃത്വം കൊടുക്കുന്ന തിരുനാൾ കർമങ്ങൾ സ്നേഹവിരുന്നോടെ സമാപിക്കും.

റോക്‌ലാന്റ് ക്നാനായ കമ്യൂണിറ്റി സെന്ററിൽ നടക്കുന്ന തിരുനാളിൽ സകുടുംബം പങ്കുചേർന്ന് മാതാവിന്റെ അനുഗ്രഹം പ്രാപിക്കാൻ ഏവരെയും സ്വാഗതം ചെയ്തു.

# യോങ്കേഴ്സ് സെന്റ് ജോൺസ് പള്ളിയിൽ യോഹന്നാൻ മാംദാനയുടെ പെരുന്നാൾ



*ന്യൂയോർക്ക്:* യോങ്കേഴ്സ് സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ ആണ്ടുതോറും നടത്തി വരാറുള്ള യോഹന്നാൻ മാംദാനയുടെ ഓർമപ്പെരുന്നാൾ ഓഗസ്റ്റ് 28, 29 (വെള്ളി, ശനി) തീയതികളിൽ ആഘോഷിക്കുന്നു.

28നു (വെള്ളി) വൈകുന്നേരം ഏഴിന് സന്ധ്യാനമസ്കാരവും തുടർന്ന് ചട്ടത്തിൽ ഗീവർഗീസ് തോമസ് കോർ എപ്പിസ്കോപ്പ വചനപ്രഘോഷണവും നടത്തുന്നു. 29നു (ശനി) രാവിലെ ഒമ്പതിനു പ്രഭാത നമസ്കാരവും തുടർന്ന് ക്നാനായ അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്ത ആയൂബ് മാർ സിൽവാനിയോസിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാനയും തുടർന്ന് ഭക്തിനിർഭരമായ റാസയും നടക്കും. സ്നേഹ വിരുന്നോടെ പെരുന്നാൾ ശുശ്രൂഷകൾ സമാപിക്കും. ഈപ്പൻ ഊഴമാലിൽ കോർ എപ്പിസ്കോപ്പയും ഐസക് പൈലി കോർ എപ്പിസ്കോപ്പയുമാണ് ഇടവകയിലെ പുരോഹിത ശുശ്രൂഷകർ.

എല്ലാ വിശ്വാസികളെയും പെരുന്നാൾ ആഘോഷങ്ങളിലേക്കു സ്വാഗതം ചെയ്യുന്നു.

വിവരങ്ങൾക്ക്: ഇട്ടൻ ജയിംസ് (വൈസ് പ്രസിഡന്റ്) 914 7619146, ബെന്നി തോമസ് (സെക്രട്ടറി) 914 514 0813, വെൽവിൻ ഏലിയാസ് (ട്രഷറർ) 9144339758.

# ഡോ. ജോസ് കാനാട്ട്, പി.പി ചെറിയാൻ, മാത്യു മൂലേച്ചേരിൽ പിഎംഎഫ് അഡ്വൈസറി ബോർഡിലേക്ക്

**ജീമോൻ റാന്നി**

*ന്യൂയോർക്ക്:* പ്രവാസി മലയാളി ഫെഡറേഷന്റെ ഗ്ലോബൽ അഡ്വൈസറി ബോർഡിലേക്ക് അമേരിക്കയിൽനിന്നു ഡോ. ജോസ് കാനാട്ട്, പി.പി. ചെറിയാൻ, മാത്യു മൂലേച്ചേരിൽ എന്നിവരെ തെരഞ്ഞെടുത്തു.

ഓഗസ്റ്റ് ആറ്, ഏഴ് തീയതികളിൽ തിരുവനന്തപുരത്തു നടന്ന ഗ്ലോബൽ പ്രവാസി സംഗമത്തിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് ഐകകണ്ഠ്യേന അഡ്വൈസറി ബോർഡ് അംഗങ്ങളെ തെരഞ്ഞെടുത്തത്.

മറ്റ് അംഗങ്ങൾ: ഡോ. ജോസ് കാനാട്ട് (അഡ്വൈസറി ബോർഡ് ചെയർമാൻ), പ്രിൻസ് പള്ളിക്കുന്നേൽ (ഓസ്ട്രിയ), കെ.വൈ. ഷമീർ യൂസഫ് (സൗദി അറേബ്യ), ഡായിസ് ഇടിക്കുള (ദുബായി), ഉമേഷ് മേനോൻ, ജോസ് മാത്യു പനച്ചിക്കൽ (ഓസ്ട്രിയ), ഡോ. ജോർജ് മാത്യു (ദുബായി), ഡോ. സുന്ദര മേനോൻ, പി.വി. ഗംഗാധരൻ, അത്താഫി രാമചന്ദ്രൻ, ഷാഹിദ കമാൽ.

# എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ്: മലയാളി എംഎഫ് സംപ്രേഷണം ചെയ്യുന്നു

**ബെന്നി പരിമണം**




*ഷിക്കാഗോ:* ഒരു ദശാബ്ദക്കാലമായി നോർത്ത് അമേരിക്കൻ മലയാളികളുടെ മനസിൽ ആവേശത്തിന്റെ അലകൾ സമ്മാനിച്ച എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ മത്സരം സെപ്റ്റംബർ ആറിനു നടക്കും.

മത്സരത്തിന്റെ ആവേശം ഒട്ടും ചോരാതെ മലയാളി എംഫ്എം ലോകമെമ്പാടുമുള്ള വോളിബോൾ പ്രേമികൾക്കായി തത്സമയം സംപ്രേക്ഷണം ചെയ്യും.

കൈരളി ലയൺസ് ഷിക്കാഗോ ആതിഥ്യം വഹിക്കുന്ന പത്താമത് എൻ.കെ.ലൂക്കോസ് മെമ്മോറിയൽ ടൂർണമെന്റിന്റെ ഔദ്യോഗിക മീഡിയ പാർട്ണർ കൂടിയാണ് മലയാളി എഫ്എം. ഇതിനുമുമ്പ് നോർത്ത് അമേരിക്കയിലെ പ്രമുഖ വോളിബോൾ മത്സരങ്ങളായ ജിമ്മി ജോർജ് മെമ്മോറിയൽ, ബ്ലസൻ ജോർജ് മെമ്മോറിയൽ എന്നിവയുടെയും തത്സമയ സംപ്രേഷണം മലയാളി എഫ്എം നിർവഹിച്ചിട്ടുണ്ട്.

സെപ്റ്റംബർ ആറു (ഞായർ) രാവിലെ ഒമ്പതു മുതൽ (അമേരിക്കൻ സെൻട്രൽ ടൈം) ലോകത്തെവിടെയുമുള്ള പ്രേക്ഷകർക്ക് www.malayalifm.com.live എന്ന വെബ്സൈറ്റിലൂടെ മത്സരങ്ങൾ കാണാവുന്നതാണ്.

ഷിക്കാഗോ ഡസ്പ്ലെയിൻസിലുള്ള മെയിൽ ഈസ്റ്റ് ഹൈസ്കൂളിൽ നടക്കുന്ന വോളിബോൾ ടൂർണമെന്റിന്റെ തത്സമയ സംപ്രേഷണത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി മലയാളി എഫ്എം ടീം അറിയിച്ചു.

# ‘നോവൽ സാഹിത്യം – ഒരു സമഗ്രപഠനം’ കേരള റൈറ്റേഴ്സ് ഫോറം ചർച്ചാ സമ്മേളനം നടത്തി

**എ.സി. ജോർജ്**

*ഹൂസ്റ്റൻ:* മനുഷ്യരുടെ വിചാരവികാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭവ്യവുമായ ഒരു ഇതിവൃത്തത്തെ ആഖ്യാനം ചെയ്ത് അനുവാചകമനസിൽ ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ രചനയാണ് നോവൽ സാഹിത്യം എന്ന് കേരളാ റൈറ്റേഴ്സ് ഫോറത്തിന്റെ ഓഗസ്റ്റ് മാസത്തിലെ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ പ്രസിദ്ധ നോവലിസ്റ്റ് മാത്യു നെല്ലിക്കുന്ന് അഭിപ്രായപ്പെട്ടു.

ഹൂസ്റ്റൻ കേന്ദ്രമായി പ്രവർത്തിക്കുന്ന എഴുത്തുകാരുടെയും നിരൂപകരുടെയും വായനക്കാരുടേയും ആസ്വാദകരുടെയും സംയുക്ത സംഘടനയായ കേരള റൈറ്റേഴ്സ് ഫോറം ഓഗസ്റ്റ് പതിനഞ്ചാം തീയതി വൈകുന്നേരം ഹൂസ്റ്റനിലെ സ്റ്റാഫോർഡിലുള്ള കേരള ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു സമ്മേളനം നടത്തിയത്.

കേരള റൈറ്റേഴ്സ് ഫോറം സെക്രട്ടറി മാത്യു മത്തായി സന്നിഹിതരായവർക്കു സ്വാഗതമാശംസിക്കുകയും പ്രസിഡന്റ് ജോൺ മാത്യു, ഇന്ത്യൻ സ്വാതന്ത്ര്യദിനത്തെ അനുസ്മരിച്ചുകൊണ്ടും സ്വാതന്ത്ര്യസമര സേനാനികൾക്കും, രാഷ്ട്രശിൽപ്പികൾക്കും നന്ദിയും അഭിവാദനങ്ങളും അർപ്പിച്ചുകൊണ്ടും സംസാരിച്ചു. ഇപ്രാവശ്യത്തെ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ മീറ്റിംഗിനായി ഡാളസിൽനിന്നെത്തിയ ലാനാ ഭാരവാഹികളും പ്രവർത്തകരുമായ ഏബ്രഹാം തെക്കേമുറി, ജോസൻ ജോർജ്, ഷീലാ മോൻസ് മുരിക്കൻ, അനുപമ സക്കറിയ തുടങ്ങിയവരെ പ്രത്യേകമായി പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയുമുണ്ടായി. ഇപ്രാവശ്യത്തെ പ്രതിമാസ സാഹിത്യസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് മോഡറേറ്ററായി പ്രവർത്തിച്ചതു പ്രമുഖ എഴുത്തുകാരനായ ബാബു കുരവക്കൽ ആണ്.

ചെറുകഥാകൃത്തായ ജോസഫ് തച്ചാറ എഴുതിയ സ്വർഗീയ ഭീകരവാദം എന്ന ചെറുകഥ കഥാകൃത്തു തന്നെ സഭയിൽ വായിച്ചു.

ജോർജ് മണ്ണിക്കരോട്ട്, ജോൺ മാത്യു, എ.സി. ജോർജ്, മാത്യു മത്തായി, ഈശൊ ജേക്കബ്, എബ്രഹാം തെക്കേമുറി, ബാബു കുരവക്കൽ, ഷീലാ മോൻസ് മുരിക്കൻ, ജോസൻ ജോർജ്, അനുപാ സക്കറിയ, മാത്യു നെല്ലിക്കുന്ന്, ജോൺ കുന്തറ, മേരി കുരവക്കൽ, തോമസ് ചെറിയാൻ, ബോബി മാത്യു, ജോസഫ് മണ്ടപം, ജോൺ ഔസേഫ്, ഗ്രേസി നെല്ലിക്കുന്ന് തുടങ്ങിയവർ ചർച്ചയിൽ സജീവമായി പങ്കെടുത്തു.

ഡാളസിൽ നടത്തുന്ന ലാനാ (ലിറ്റററി അസ്സോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) കൺവൻഷന്റെ ഒരു രജിസ്ട്രേഷൻ കിക്കോഫും ഇതേ സമ്മേളനത്തിൽ വെച്ചു നടത്തുകയുണ്ടായി. ഡാളസിൽ നിന്നെത്തിയ ലാനാ ഭാരവാഹിയായ എബ്രഹാം തെക്കേമുറി റൈറ്റേഴ്സ് ഫോറം പ്രസിഡന്റായ ജോൺ മാത്യുവിന് രജിസ്ട്രേഷൻ കൊടുത്തുകൊണ്ട് ഹൂസ്റ്റൻ മേഖലാ കിക്കോഫ് നടത്തി. എല്ലാ എഴുത്തുകാരേയും ഭാഷാസ്നേഹികളെയും സാഹിത്യാസ്വാദകരെയും ലാനാ കൺവെൻഷനിലേക്ക് സ്വാഗതം ചെയ്തുകൊണ്ട് ഏബ്രഹാം തെക്കേമുറിയും, ജോസൻ ജോർജും സംസാരിക്കുകയുണ്ടായി. ടെക്സസിലെ വൻനഗരമായ ഡാളസിൽ നടക്കുന്ന ലാനാ കൺവൻഷനിൽ ടെക്സസിലെ മറ്റൊരു വൻനഗരമായ ഹൂസ്റ്റൻ മലയാളികളുടെ സജീവ സാന്നിധ്യം ഒരു വൻ മുതൽക്കൂട്ടായിരിക്കുമെന്നു ഡാളസിൽനിന്നെത്തിയ ലാനാ ഭാരവാഹികൾ അഭിപ്രായപ്പെട്ടു.

# ശ്രീനാരായണ അസോസിയേഷൻ കാലിഫോർണിയ ഗുരുദേവ ജയന്തിയും ഓണവും ആഘോഷിക്കുന്നു

*ലോസ് ആഞ്ചലസ്:* ശ്രീനാരായണ ഗുരുദേവന്റെ നൂറ്റിയറുപത്തൊന്നാം ഗുരുദേവ ജയന്തിയും, അതോടൊപ്പം ഓണാഘോഷവും 13 (ഞായറാഴ്ച ) ഉച്ചയ്ക്ക് ഒന്നു മുതൽ North America യിലെ California സംസ്ഥാനത്തെ Veterans Memorial Hall Culver Ctiy ആഘോഷിക്കുവാനുള്ള എല്ലാ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

ഈ ആഘോഷത്തിൽ അംഗങ്ങളല്ലാത്തവർക്ക് പങ്കെടുക്കുന്നതിനു രജിസ്റ്റർ ചെയ്യുവാനും മറ്റു വിശദ വിവരങ്ങൾക്കും ബന്ധപ്പെടുക. ഹരി പീതാംബരൻ 4804529047 & സെനിഷ് തുളസിദാസ് 3109535775.

വാർത്തകൾക്ക്...
Tel: 267-991-211 e-mail
:georgethazhakara@gmail.com

# നിര്യാതരായി

## എസ്തേർ ജോയ്സ് അലക്സാണ്ടർ



*ന്യൂയോർക്ക്:* കൊല്ലം സിയോൺ, പരേതനായ മാളിയേക്കൽ ജോസഫ് അലക്സാണ്ടറുടെ ഭാര്യയും, ന്യൂയോർക്കിൽ സ്ഥിരതാമസക്കാരിയുമായിരുന്ന എസ്തേർ ജോയ്സ് അലക്സാണ്ടർ (89) നിര്യാതയായി.

മക്കൾ: ഡോ. എലിസബത്ത് സൈമൺ (ഡീൻ, സ്കൂൾ ഓഫ് നേഴ്സിംഗ്, നയാക് കോളജ്), ലിസ്സി വർഗീസ്. മരുമക്കൾ: ബാബു സൈമൺ (യുണൈറ്റഡ് നേഷൻസ്), പാസ്റ്റർ പി.സി. വർഗീസ് (രാജു). കൊച്ചുമക്കൾ: ഫിന്നി, ഷീബ, ബെൻജി, ഡോ. പ്രിസ്ക (പിങ്കി), ഡോ. അന്തോണി, ജെയിസൺ. സഹോദരങ്ങൾ: ലീലാമ്മ ദാനിയേൽ (ഡാളസ്), പരേതരായ പാസ്റ്റർ സോളമൻ ഡേവിഡ്, മോസസ് ഡേവിഡ്.

29-നു ശനിയാഴ്ച രാവിലെ ഒമ്പതു ക്രിസ്ത്യൻ വർഷിപ്പ് സെന്ററിൽ സംസ്കാര ശുശ്രൂഷകളെത്തുടർന്ന് സംസ്കാരം നടന്നു.

അനുശോചനത്തിന് ബാബു സൈമൺ 914 319 2238, 914 723 4335.

## വർഗീസ് പാലതുരുത്തിൽ



*സാൻഫ്രാൻസിസ്കോ:* നോർത്തേൺ കാലിഫോർണിയ മലയാളി അസോസിയേഷൻ (മങ്ക) പ്രസിഡന്റ് സാജു ജോസഫിന്റെ ഭാര്യാപിതാവ് കൊച്ചി തമ്മനം സ്വദേശി വർഗീസ് പാലതുരുത്തിൽ (75) കാലിഫോർണിയായിലെ കാസ്ട്രോവാലിയിൽ നിര്യാതനായി. സംസ്കാരം നടന്നു.

ഭാര്യ: അന്നമ്മ. പ്ലാക്കാട്ട് കുടുംബാംഗം.

മക്കൾ: ബിന്ദു, വർഗീസ് ബാബു. മരുമക്കൾ: സാജു ജോസഫ്, ഡയാന. സഹോദരങ്ങൾ: ആന്റണി, ജോസ്, ജലസ്, ജയിംസ് പാലത്തുരുത്തിൽ, ബേബി പാലയ്ക്കാപ്പിള്ളിൽ, മേഴ്സി പീച്ചനാട്ട്, ഓമന.

## കെ.എം.നൈനാൻ



*ന്യൂജേഴ്സി:* മാവേലിക്കര കുറ്റിശേരിൽ മലയിൽ കെ. എം. നൈനാൻ (ജോയി -92) നിര്യാതനായി. സംസ്കാരം പിന്നീട് മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ. ഭാര്യ: പരേതയായ ചിന്നമ്മ.

മക്കൾ: മാത്യു കെ. നൈനാൻ, തോമസ് കെ. നൈനാൻ, ജേക്കബ് കെ. നൈനാൻ (എല്ലാവരും ന്യൂജേഴ്സി), പ്രഫ. ആനി കെ. നൈനാൻ. മരുമക്കൾ: ജയ, അജിത, ക്രിസ്റ്റീന (എല്ലാവരും ന്യൂജേഴ്സി), സോജി.

അമേരിക്കൻ പ്രവാസി സമൂഹത്തിൽ അറിയപ്പെടുന്ന ഗായകനും മികച്ച കലാകാരനുമായ റോഷിൻ മാമ്മൻ (ന്യൂയോർക്ക്) പരേതന്റെ സഹോദരീപുത്രനാണ്.

ആതുരശുശ്രൂഷാരംഗത്ത് സജീവമായിരുന്ന പരേതൻ പ്രശസ്തനായ ഡോക്ടർ എ.ഡി. വർഗീസിന്റെ അസിസ്റ്റന്റായി മാവേലിക്കരയിലെ പുതിയകാവിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട് മക്കളോടൊപ്പം അമേരിക്കയിൽ അനേകവർഷങ്ങൾ താമസിച്ചിട്ടുണ്ട്.

## പ്രഭ ആൽബി



*ഡാളസ്:* കോഴഞ്ചേരി കുഴിക്കാല കൊച്ചുവിളയിൽ ആൽബി മാത്യുവിന്റെ ഭാര്യ പ്രഭ ആൽബി (48) ഡാളസിൽ നിര്യാതയായി. സംസ്കാരം കുഴിക്കാല മാർത്തോമ പള്ളിയിൽ. ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ ചർച്ച് ഇടവകാംഗമായ പരേത കോഴഞ്ചേരി പുന്നയ്ക്കാട് കുന്നുംപുറത്ത് കുടുംബാംഗമാണ്.

മക്കൾ: ബിബിൻ മാത്യു (ലിസി ഹോസ്പിറ്റൽ, എറണാകുളം), ജെറിൻ മാത്യു (ഡാളസ്). ഫോമ നാഷണൽ കമ്മിറ്റി മെംബറും ന്യൂയോർക്ക് ഫയർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥനുമായ ഷാജി മാത്യുവിന്റെ സഹോദര പത്നിയാണു പരേത.

**ഷാജി രാമപുരം**

# ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ സൺഡേ സ്കൂൾ കലാമേള ഹാർമണി ഫെസ്റ്റിവലിന്റെ രജിസ്ട്രേഷൻ പുരോഗമിക്കുന്നു




*ഷിക്കാഗോ:* എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ എക്യുമെനിക്കൽ സൺഡേ സ്കൂൾ വിദ്യാർഥികൾക്കായി നടത്തുന്ന കലാമേള ഹാർമണി ഫെസ്റ്റിവലിന്റെ രജിസ്ട്രേഷൻ പുരോഗമിക്കുന്നു.

2നു (ശനി) സീറോ മലബാർ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ രാവിലെ ഒമ്പതു മുതൽ മത്സരങ്ങൾ നടക്കും. കിഡ്സ്, സബ് ജൂണിയർ, ജൂണിയർ, സീനിയർ എന്നിങ്ങനെ വിവിധ പ്രായത്തിലുള്ള കുട്ടികൾക്കായി മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

പാട്ട്, ഡാൻസ്, പെൻസിൽ ഡ്രോയിംഗ്, പ്രസംഗം, വാട്ടർ കളറിംഗ്, ബൈബിൾ മെമ്മറി വേഴ്സ്, ബൈബിൾ ക്വിസ്, ഉപകരണ സംഗീതം, ഫാൻസിഡ്രസ് എന്നീ ഇനങ്ങളിൽ വ്യക്തിഗത മത്സരവും പാട്ട്, ഡാൻസ് എന്നീ ഇനങ്ങളിൽ ഗ്രൂപ്പ് മത്സരവും നടക്കും. അഞ്ചു വയസിനു താഴെ പ്രായമുള്ള കുട്ടികൾക്കായി പാട്ട്, കളറിംഗ്, പുഞ്ചിരി എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എക്യുമെനിക്കൽ ഇടവകകളിൽനിന്നും മത്സരത്തിനുള്ള അപേക്ഷാഫോറം, നിബന്ധനകൾ, മത്സരങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭിക്കും.

മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി റവ. ഷൈൻ മാത്യു (ചെയർമാൻ), മറിയാമ്മ പിള്ള (കൺവീനർ), റവ. ബിനോയ് ജേക്കബ്, രഞ്ജൻ ഏബ്രഹാം, ജോൺസൻ കണ്ണൂക്കാടൻ, ജോർജ് പി. മാത്യു, അച്ചൻകുഞ്ഞ് മാത്യു, ബെന്നി പരിമണം, ജോജോ മാത്യു, ആന്റോ കവലക്കൽ, സിനിൽ ഫിലിപ്പ്, ഡൽസി മാത്യു, ആഗ്നസ് തെങ്ങുംമൂട്ടിൽ എന്നിവരടങ്ങുന്ന സബ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

വിവരങ്ങൾക്ക്: റവ. ഷൈൻ മാത്യു 847 212 5787, മറിയാമ്മ പിള്ള 847 987 5184.

# റോക്‌ലാൻഡ് സെന്റ് മേരീസ് സീറോ മലബാർ പള്ളിയിൽ മാതാവിന്റെ തിരുനാൾ 11മുതൽ

**ജോസ് കാടാപ്പുറം**



*ന്യൂയോർക്ക്:* വെസ്‌ലി ഹിൽസിലുള്ള റോക്‌ലാൻഡ് സെന്റ് മേരീസ് സീറോ മലബാർ ചർച്ചിൽ ഇടവക മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ സെപ്റ്റംബർ 11, 12, 13 തീയതികളിൽ ഭക്തിപുരസരം ആഘോഷിക്കും.

11നു (വെള്ളി) വൈകുന്നേരം ഏഴിനു കൊടിയേറ്റ് ബ്രോങ്ക്സ് സെന്റ് തോമസ് ഫൊറോന ചർച്ച് വികാരി ഫാ. ജോസ് കണ്ടത്തിക്കുടി നിർവഹിക്കും. തുടർന്നു ആഘോഷമായ വിശുദ്ധ കുർബാനയ്ക്കു ക്വീൻസ് സെന്റ് മേരീസ് പള്ളി വികാരി ഫാ. ലിഗോറി ജോൺസ് കാർമികത്വം വഹിക്കും.

12നു (ശനി) വൈകുന്നേരം ഏഴിനു ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് റോക്ക്ലാൻഡ് സെന്റ് മേരീസ് ക്നാനായ കാത്തലിക് ചർച്ച് വികാരി ഫാ. റെനി കട്ടേൽ കാർമികത്വം വഹിക്കും.

13നു (ഞായർ) വൈകുന്നേരം നാലിനു ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് ഫ്ളോറിഡ സെന്റ് ജോസഫ് ചർച്ച് വികാരി ഫാ. ജോർജ് മാളിയേക്കൽ കാർമികത്വം വഹിച്ച് തിരുനാൾ സന്ദേശം നൽകും.

ആദ്യ ദിനത്തിലെ പ്രസുദേന്തി സെന്റ് മേരീസ് വാർഡ് ആണ്. രണ്ടാം ദിനം ഇടവകാംഗങ്ങൾ. മൂന്നാംദിനം ജോളി ജോസഫ്, ചാക്കോ ജോസഫ് (സിബി), വാണിയപ്പള്ളിൽ കുടുംബം (ജോസഫ് വാണിയപ്പള്ളി), സണ്ണിച്ചൻ പടവുപുരക്കൽ എന്നിവരാണു പ്രസുദേന്തിമാർ.

വിവരങ്ങൾക്ക്: ഫാ. തദ്ദേവൂസ് അരവിന്ദത്ത് (വികാരി) 8454909307, ജോർജ് എടാട്ടേൽ 8453540790, ഷാജൻ തോട്ടക്കര 8455486066, സാജൻ തോമസ് 8453210781, ഡെജി ഫിലിപ്പ്: 2013747080.

For Advertisement Tel: 267-991-2111
CONTACT US



*തകഴി അനുസ്മരണം*

# തകഴി കഥയുടെ മാന്ത്രികൻ

**പെരുമ്പടവം ശ്രീധരൻ**





**തകഴി** ശിവശങ്കരപ്പിള്ള രണ്ടുപ്രാവശ്യം കേരള സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനായിരുന്നു. അല്ലാത്തപ്പോഴും അദ്ദേഹം കേരള സാഹിത്യ അക്കാദമിയുടെ ഗുരുകാരണവരായിരുന്നു. അക്കാദമിയുടെ മാത്രമല്ല, മലയാളത്തിലെ എല്ലാ എഴുത്തുകാരുടെയും സ്വരൂപമായിട്ടാണ് ഞങ്ങൾ എഴുത്തുകാർ അദ്ദേഹത്തെ കാണുന്നത്. ശങ്കരമംഗലത്തേക്കു വരുന്നത് ഒരു തീർത്ഥയാത്രപോലെയാണ്. അദ്ദേഹത്തെ കാണുന്നതിനു മുമ്പേ ഞാൻ അദ്ദേഹത്തിന്റെ ഒരു വായനക്കാരനായിരുന്നു. വായിച്ചുകഴിഞ്ഞതിനു ശേഷം ഞാൻ അദ്ദേഹത്തിന്റെ ആരാധകനായിത്തീർന്നു. എത്രയോ വട്ടം ഈ വീട്ടിൽ വന്നിട്ടുണ്ടെന്നോർമ്മയില്ല. ഞാൻ എന്റെ കുടുംബവുമായിട്ടും വന്നിട്ടുണ്ട്. എനിക്ക് ഇത് മറ്റൊരു കുടുംബമായിരുന്നു. എന്നെപ്പോലെതന്നെ മലയാളത്തിലെ മറ്റെല്ലാ എഴുത്തുകാർക്കും അങ്ങനെ തന്നെയാവും എന്നു ഞാൻ വിചാരിക്കുന്നു.

സാഹിത്യപ്രവർത്തക സഹകരണസംഘം സെക്രട്ടറി ഗോപി കൊടുങ്ങല്ലൂരുമൊത്ത് ഞാൻ ഇവിടെ വന്നു. ഉച്ചയ്ക്ക് ശങ്കരമംഗലത്ത് എത്തുമെന്ന് ഗോപി വിളിച്ചുപറഞ്ഞിരുന്നു. കഷായവും ചികിത്സയുമൊക്കെയായി കഴിഞ്ഞിരുന്ന തകഴിച്ചേട്ടൻ ഞങ്ങൾ വരുംവരെ ഉണ്ണാതെ കാത്തിരുന്നു. കാത്തച്ചേച്ചി ഞങ്ങൾക്ക് വിളമ്പിത്തന്നു. ഇതൊക്കെ ജീവിതത്തിലെ ഏറ്റവും ധന്യമായ ഓർമ്മകളാണ്. പിന്നീട് എത്രയോവട്ടം, എവിടെയോ ഒക്കെവെച്ച് കണ്ടിട്ടുണ്ട്. എന്റെ എളിയ ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമായിട്ടാണ് അതിനെ കണക്കാക്കുന്നത്. സമാനമായ അനുഭവം പറയാൻ ഇവിടെ കൂടിയിട്ടുള്ള എല്ലാവർക്കും കാണും.

അദ്ദേഹം തന്റെ പിന്നാലെ വരുന്ന ഇളംതലമുറയോടു കാണിച്ച സ്നേഹവും വാത്സല്യവും കരുതലും ഓർമിക്കാതെ പോകുന്നത് ശരിയല്ല. പറയാതെ പോകുന്നുവെങ്കിൽ അതു പാപമാകും. കഷ്ടപ്പാടുകൾ മുഴുവൻ വിസ്മരിച്ചിട്ട് അദ്ദേഹം ഞങ്ങളുടെ കൂടെയൊക്കെ ഇറങ്ങിവരുമായിരുന്നു.

ഒരു സംഭവം ഓർത്തുപോകുന്നു. അത് ഇക്കാലത്ത് വളരെ പ്രസക്തമാണ്. കഷായം കഴിച്ച് നെയ് സേവിച്ച് വിശ്രമത്തിലായിരുന്നു. ഗോപി കൊടുങ്ങല്ലൂർ വിളിച്ചുപറഞ്ഞു, പെരുമ്പടവത്ത് ഒരു വായനശാലയുടെ വാർഷികമുണ്ട്. പെരുമ്പടവം ശ്രീധരന് ആഗ്രഹമുണ്ട് ചേട്ടൻ അവിടെ ചെല്ലണമെന്ന്. പൊൻകുന്നം വർക്കിയും ഉണ്ടാവും. ചേട്ടന്റെ വല്ലായ്മ എനിക്കറിയാമായിരുന്നു. ചേട്ടനെ നിർബന്ധിക്കാതാരിക്കുകയാവും നല്ലതെന്നു ഞാൻ ഗോപിയോടു പറഞ്ഞു. പക്ഷെ, തകഴിച്ചേട്ടൻ പെരുമ്പടവത്തു വന്നു. വൈകുംനേരം കഴിക്കാനുള്ള കഷായവുമായി, ഒപ്പം പങ്കനുമുണ്ടായിരുന്നു. ആ വർഷം എന്റെ ഒരു സങ്കീർത്തനംപോലെ എന്ന നോവലിന് അബുദബി മലയാളി അവാർഡ് കിട്ടിയിരുന്നു. വായനശാലക്കാർ എനിക്ക് അതിനൊരു സ്വീകരണവും വെച്ചിരുന്നു.

പെരുമ്പടവം ഗ്രാമം മുഴുവൻ അന്ന് ദേവീക്ഷേത്രമൈതാനത്ത് ഉണ്ടായിരുന്നുവെന്നാണ് എനിക്കു തോന്നുന്നത്. ഏതാണ്ട് പത്തുമണിയോടുകൂടി അദ്ദേഹം വന്നു. താമസിക്കുവാനുള്ള ഒരു നല്ല വീട് ഏർപ്പാട് ചെയ്തിരുന്നു. എനിക്ക് അവിടെ ഒരു ചെറിയ വീടുണ്ട്. മനുഷ്യന് താമസിക്കാൻ പറ്റുമോ എന്നു ചോദിച്ചാൽ ഞങ്ങൾ അവിടെ താമസിച്ചിരുന്നു എന്നു മാത്രമെ മറുപടിയുള്ളു.

എനിക്കു നിന്റെ വീട്ടിൽ പോകണമെന്ന് തകഴിച്ചേട്ടൻ എന്നോടു പറഞ്ഞു. ഞാനും എന്റെ ഭാര്യയും ധർമ്മസങ്കടത്തിലായി. എങ്ങനെ എന്റെ വീട്ടിലേക്കു കൊണ്ടുപോകും. നിന്റെ വീട്ടിൽ വരാതെ ഞങ്ങൾ സമ്മേളസ്ഥലത്തേക്കില്ലായെന്ന് തകഴിച്ചേട്ടൻ ശാഠ്യം പിടിച്ചു. സമ്മേളനത്തിനു പോയില്ലെങ്കിലും വേണ്ടില്ല, ഇവന്റെ വീട്ടിൽ പോയിട്ട് തിരിച്ചുപോകാമെന്ന് വർക്കിസാർ. രണ്ടുപേരേയും കൂട്ടി വീട്ടിലെത്തി. എന്റെ ഭാര്യ വല്ലാത്ത വിഷമത്തിലായി. ഈ മഹാപ്രതിഭകളെ എങ്ങനെ ഈ കൊച്ചുവീട്ടിൽ- കുപ്പമാടത്തിൽ സ്വീകരിക്കും എന്നായിരുന്നു സങ്കടം.

തകഴിച്ചേട്ടൻ സുഖമായി അവിടെ കിടന്നു. വർക്കിസാർ ഇരുന്നു. വളരെ നേരം സംസാരിച്ചു. തകഴിച്ചേട്ടൻ ഒടുവിൽ ചോദിച്ചു. എടാ വർക്കി, ഇന്ന് നമുക്ക് ശ്രീധരന്റെ വീട്ടിൽ കഴിഞ്ഞാലോയെന്ന്. എന്റെ ഉള്ളിൽ ആധിയായി. വല്ലവിധത്തിലും തകഴിച്ചേട്ടനും വർക്കിസാറും പോയിക്കിട്ടിയാൽ മതിയെന്നായിരുന്നു എനിക്ക്. എന്തുംവരട്ടെയെന്നു കരുതി ചെറിയ ഭക്ഷണവുമൊക്കെ കൊടുത്തിട്ട് യോഗസ്ഥലത്തേക്കു പോയി. അന്നു പെരുമ്പടവും ഗ്രാമവും അയൽഗ്രാമവും മുഴുവൻ അവിടെയുണ്ടായിരുന്നുവെന്ന് ഞാൻ പറഞ്ഞല്ലോ. വന്നിരിക്കുന്നത് വിശ്വസാഹിത്യകാരനായ തകഴിയാണ്. അതുപോലെതന്നെ മലയാളത്തിലെ മഹാപ്രതിഭകളിൽ ഒരാളായ പൊൻകുന്നം വർക്കിയും. അത്രവലിയ ആൾക്കൂട്ടം. പ്രസംഗത്തിന്റെ ഒടുവിൽ തകഴിച്ചേട്ടൻ നീ ഇവിടെ വാടാ എന്നു പറഞ്ഞു. എന്തിനാണെന്നറിയില്ലായെങ്കിലും ഞാൻ എഴുന്നേറ്റ് അടുത്തുചെന്നു. ആ കൈകൾ എന്റെ ശിരസ്സിൽവെച്ച് ഇവനെ ഞാൻ നിങ്ങളുടെ കൺമുന്നിൽവെച്ച് വാഴിക്കുകയാണ്





എന്നു പറഞ്ഞു. ഇതൊന്നും പറയാൻ പാടില്ലാത്തതാണ് എന്നെനിക്കറിയാം. പക്ഷെ, തകഴിച്ചേട്ടൻ ഓർമകളുടെ ചുവട്ടിൽ വന്നുനിൽക്കുമ്പോൾ അറിയാതെ ഇതൊക്കെ ഓർത്തുപോകുകയും ചെയ്യുന്നു. പിന്നീട് ഞാൻ തിരുവനന്തപുരത്ത് താമസിക്കുമ്പോൾ പലവട്ടം എന്റെ വീട്ടിൽ വന്ന് താമസിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും അപാരമായ സ്നേഹവും ലഭിക്കുവാൻ എനിക്ക് യോഗമുണ്ടായി. കളിക്കൂട്ടുകാരോടെന്നപോലെ ഞങ്ങൾ ഇളംമുറക്കാരോടു അദ്ദേഹം പെരുമാറുന്നത് ഞാൻ ഓർത്തുപോകുന്നു.

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ തെരഞ്ഞെടുപ്പ്. അന്ന് തകഴിച്ചേട്ടൻ മത്സരിക്കുന്നുണ്ട്. ഞാൻ ചെല്ലുമ്പോൾ പുറത്ത് അരമതിലിന്റെ മുകളിൽ മുണ്ടും മടക്കിക്കുത്തിയിരിക്കുകയാണ് തകഴിച്ചേട്ടൻ. ഞാൻ ചെന്നു. നീ ഒരു മുറുക്കാൻ മേടിച്ചുകൊണ്ടുവാടാ എന്നു പറഞ്ഞു. ഞാൻ വാങ്ങിച്ചു. കൊടുക്കാൻ ശ്രമിച്ചപ്പോൾ കയ്യിലെ മുറിവു വെച്ചുകെട്ടിയിരിക്കുന്നു. എന്തുപറ്റി ചേട്ടാ എന്നു ഞാൻ ചോദിച്ചു.

അവൾ അതു പറ്റിച്ചുവെന്ന് പറഞ്ഞു.

ആര്?

സോവിയറ്റ് യൂണിയൻ സന്ദർശിച്ചതിനുശേഷം തിരിച്ചുവന്നപ്പോൾ ഒരു മദാമ കടിച്ചതാടാ എന്നു പറഞ്ഞു. ഞങ്ങളോടൊക്കെ തമാശ പറയുന്ന മനസ്സായിരുന്നു.

തകഴിച്ചേട്ടന് എന്നോടുള്ള അടുപ്പം കാണിക്കാൻവേണ്ടി പറഞ്ഞതല്ല. നമ്മൾ ഇപ്പോൾ ജീവിക്കുന്ന വർത്തമാനകാലത്തിൽ മഹാസങ്കടമായിത്തീരുന്നു. സ്വാതന്ത്ര്യത്തോടെ ആരും അടുക്കുന്നില്ല. സ്വാതന്ത്ര്യത്തോടെ പിൻതലമുറയോടു വാത്സല്യം കാണിക്കുന്ന ഏതെഴുത്തുകാരനാണ് ഇന്നുള്ളതെന്നു ഞാൻ ഓർത്തുപോയതാണ്. ഇന്ന് ഒരെഴുത്തുകാരനെ സാറെ എന്നു വിളിച്ചില്ലെങ്കിൽ ആ ആൾക്ക് അത് ഇഷ്ടപ്പെടില്ല. ഏതൊരു എഴുത്തുകാരനും പ്രാമാണ്യം കല്പിച്ചുകൊടുത്തില്ലായെങ്കിൽ അദ്ദേഹത്തിന്റെ മനസ്സിൽ അദൃശ്യമായ ഒരു നിന്ദ നമ്മുടെമേൽ തട്ടുന്നതുപോലെ തോന്നും. എല്ലാവരും വലിയ ആളുകളാണ്. ആരും ചെറിയ ആളല്ല. ഇടങ്ങഴിയിലും പറയിലുമൊന്നും കൊള്ളുന്നവരല്ലാ എന്നായിട്ടുണ്ട്. ആരേയും നിന്ദിച്ചു കൊണ്ടു പറയുന്നതല്ല, സത്യം പറയുവാൻ മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ടു പറയുന്നുവെന്നുമാത്രം.

എല്ലാവരേയും തോളിൽ കൈയിട്ട് എടാ എന്നു വിളിക്കുമ്പോൾ അതിലൊരു സുഖമുണ്ടായിരുന്നു. ഇന്ന് ആരെയെങ്കിലും എടാ എന്നു വിളിച്ചാൽ നമുക്ക് ഇഷ്ടക്കേടുണ്ടാവും. പക്ഷെ, തകഴിച്ചേട്ടൻ വിളിച്ചാൽ ഒന്നുകൂടി കേൾക്കാൻ തോന്നും. അത്രയ്ക്കും വാത്സല്യം നിറഞ്ഞതായിരുന്നു ആ വിളി, ആ മനസ്സ്. ഇതൊക്കെ അനുഭവിച്ചിട്ടുള്ള ആളുകളാണ് ഇവിടെ കൂടിയിരിക്കുന്നത്. വലിപ്പചെറുപ്പമില്ലാതെ മലയാളത്തിലെ എല്ലാ എഴുത്തുകാരെയും തന്റെ ഹൃദയത്തോടു ചേർത്തു നിർത്തിയ വലിയ മനസ്സായിരുന്നു തകഴിച്ചേട്ടന്റേത് എന്ന് അറിയാതെ ഓർത്തുപോകുന്നു.

ഈ ഓർമയുമായിട്ടാണ് തകഴി സ്മാരകസമിതി ഇവിടെ ജന്മദിനം ആഘോഷിക്കുമ്പോൾ കേരളസാഹിത്യ അക്കാദമി ഇവിടേക്ക് വന്നത്. തകഴി സാഹിത്യത്തെക്കുറിച്ച് പഠിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള തകഴിച്ചേട്ടന്റെ ഏറ്റവും അടുത്ത സുഹൃത്ത് പ്രൊഫ.ജി.ബാലചന്ദ്രന്റെ തകഴിയുടെ സർഗ്ഗപഥങ്ങളിൽ എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് കേരള സാഹിത്യ അക്കാദമിയാണ്. തകഴിച്ചേട്ടന്റെ സർഗ്ഗാത്മക ജീവിതത്തെക്കുറിച്ചുള്ള ആധികാരികമായ ഒരു ഗ്രന്ഥമാണത്. മലയാള കഥ എങ്ങനെയാണ് തകഴിയുടെ കൈപിടിച്ച് ദേശാന്തരങ്ങളിൽ സഞ്ചരിച്ചത് എന്നു ബോധ്യപ്പെടുത്തുന്ന ഒരു രചനയാണ് അത്. ഇതൊക്കെ സന്തോഷത്തോടുകൂടി അനുഭവിക്കുവാൻ കഴിയുന്നുവെന്നുള്ളതാണ് തകഴിച്ചേട്ടന്റെ ഓർമയുമായി ഇവിടെ നിൽക്കുമ്പോഴുണ്ടാകുന്ന അനുഭവം.

തകഴിച്ചേട്ടൻ മലയാള സാഹിത്യത്തിൽ എന്താണ് ചെയ്തത്. അല്ലെങ്കിൽ തകഴിച്ചേട്ടന്റെ തലമുറ മലയാള സാഹിത്യത്തിൽ എന്താണ് ചെയ്തത്? നവോത്ഥാനകാലഘട്ടത്തിലെ എഴുത്തുകാർ സമൂഹിക പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ചരിത്രത്തിന്റെ നടുവിൽ പച്ചമനുഷ്യനെ നായകനായി പ്രതിഷ്ഠിച്ചു. ഇതൊരു വലിയ സംഭവമായിട്ടാണ് ഞാൻ കാണുന്നത്. അതിനുമുമ്പുണ്ടായ കഥാപാത്രങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു. നാലുകെട്ടിലും അധികാരത്തിന്റെ ഇടനാഴികകളിലും നടന്ന പ്രേമസങ്കല്പമായിരുന്നു അവിടെയാകെ ഉണ്ടായിരുന്നത്. അവിടെ ജീവിതം തിളച്ചുമറിയുന്നത് ആഡംബരതയിലും രാജകീയതയിലുമായിരുന്നു. അത് ഒരു കാലം. അതിനുശേഷം തകഴിയുടെ, ബഷീറിന്റെ, കേശവദേവിന്റെ, വർക്കിയുടെ, കാരൂരിന്റെ തലമുറ എന്താണ് ചെയ്തത്. അത്ഭുതകരമായ ഒരു മാറ്റമാണ് അവർ കൊണ്ടുവന്നത്. അവർ സാമൂഹിക പ്രശ്നങ്ങൾ അവതരിപ്പിച്ചുവെങ്കിലും പച്ചമനുഷ്യനെ അതിന്റെ നായകന്മാരാക്കി.

ആലപ്പുഴ തെരുവിൽ മനുഷ്യന്റെ അമേദ്യം വാരുന്ന ഒരു ചുടലമുത്തുവിനെ കഥാപാത്രമാക്കിക്കൊണ്ട് കഥാസാഹിത്യത്തെ തകഴി അട്ടിമറിച്ചു. ചരിത്രപരമായ ഒരു അവസ്ഥയാണത്. ആലപ്പുഴ ടൗണിൽ റിക്ഷയുന്തുന്ന പപ്പുവിനെ സൃഷ്ടിച്ചുകൊണ്ട് അതിന്റെ പിന്നാലെ വന്നു. സാമൂഹികമായ അസമത്വങ്ങളെ തങ്ങളുടെ സൂക്ഷ്മദൃഷ്ടികൾക്ക് വിധേയമാക്കുകയും തങ്ങളുടെ കഥകളിലൂടെ അവ പരിശോധിക്കുകയും ചെയ്തു.

കേരളത്തിലുണ്ടായ സാമൂ

# നൃത്തം ചെയ്യുന്ന സയാമീസ് മുട്ടകൾ

**മജീഷ്യൻ സാമ്രാജ്**



**മാ**ന്ത്രികൻ തന്റെ ഇരുകൈകളിലും ഓരോ മുട്ടയുമായി വേദിയിൽ പ്രവേശിക്കുന്നു. മുട്ടകളിൽ ചുംബിച്ചുകൊണ്ട് തന്റെ കൈയ്യിലിരിക്കുന്ന അത്ഭുത മുട്ടകളെപ്പറ്റി വാചാലനാകുന്നു. 'ജപ്പാനിലെ ഒരു പൂവൻകോഴി ഏഴു വർഷത്തിൽ ഒരിക്കൽ മാത്രം ഇടുന്നവയാണ് ഈ മുട്ടകളെന്നും ഇവയ്ക്ക് പരസ്പരം കെട്ടിപ്പിടിക്കുവാനും നൃത്തം ചെയ്യുവാനും കഴിയുമെന്ന് പ്രഖ്യാപിക്കുന്നു. തുടർന്ന് മുട്ടകൾ രണ്ടും ഒരു കൈയ്യിലേക്ക് മാറ്റുമ്പോൾ അവ പരസ്പരം ഒട്ടിച്ചേരുന്നതായി കാണാം.

തന്റെ നിർദ്ദേശാനുസരണം മുട്ടകൾ നൃത്തം ചെയ്യുമെന്ന് മാന്ത്രികൻ പറയുന്നു. അരങ്ങിൽ സ്ഥാപിച്ചിരിക്കുന്ന മേശമേൽ വെയ്ക്കുമ്പോൾ അത് നൃത്തം ചെയ്യുന്നതായി കാണാം. (നൃത്തത്തിന് ആകർഷത പകരാനായി പശ്ചാത്തല സംഗീതം ഉപയോഗിച്ചാൽ പരിപാടി കൂടുതൽ ഹൃദ്യം ആകുമെന്ന് പറയേണ്ടതില്ലല്ലോ).

**ആവശ്യമുള്ള സാധനങ്ങൾ**

| | |
|---|---|
| രണ്ടു മുട്ടകൾ | രണ്ടു ചെറിയകാന്തങ്ങൾ |
| പശ | വെള്ള പെയ്ന്റ് |

**രഹസ്യം**

അത്യന്തം ആകർഷകമായ ഈ വിദ്യയുടെ രഹസ്യം പ്രത്യേകം തയ്യാർ ചെയ്ത മുട്ടകളിലാണ്. രണ്ട് മുട്ടകൾ എടുത്ത് അർദ്ധഭാഗങ്ങളായി മുറിക്കുന്നു. ഉള്ളിലെ ദ്രവപദാർത്ഥം നീക്കി വൃത്തിയായി കഴുകി ഉണക്കിയെടുക്കുന്നു. രണ്ട് ചെറിയ കാന്തങ്ങൾ ചിത്രത്തിൽ കാണുന്നതുപോലെ ഫെവിക്കോളോ ഏതെങ്കിലും പശയോ ഉപയോഗിച്ച് മുട്ടത്തോടിനുള്ളിൽ ഉറപ്പിച്ചശേഷം മുട്ടകൾ പൂർവ്വസ്ഥിതിയിൽ ഒട്ടിച്ചെടുക്കുന്നു. മുട്ടയുടെ പുറന്തോട് വെള്ള പെയ്ന്റുകൊണ്ട് മോടിപിടിപ്പിച്ചാൽ നന്ന്.

ഉള്ളിൽ ഒട്ടിച്ചു ചേർത്ത കാന്തത്തിന്റെ ദിശകൾക്ക് അനുസൃതമായി മുട്ടകളെ പരസ്പരം ആകർഷിക്കുകയും അകന്നുമാറുകയും ചെയ്യും.

## നാനാർത്ഥങ്ങൾ

**ജയപാലൻ കാര്യാട്ട്**

**തോ**രാമഴ തീരാമഴ ശീലക്കേടാൽ
താളം തെറ്റിച്ചിതറുന്നൊരീ മഴ!
തീ തിന്നുടൽ വെന്തു നീറും ദിനങ്ങളിൽ
നീതിബോധം പേറിയെത്തുമീമഴ.
വെള്ളകീറും മുമ്പുണരുമദ്ധ്വാനിതൻ
പാടത്തു വിത്തിടാൻ പാകത്തിലീമഴ.
വിത്തും കൈക്കോട്ടിന്റെ മറുപാട്ടുമായി
വിത്തെറിഞ്ഞാത്മഹർഷമായീമഴ.
കോരി ദാഹം കെടുത്താൻ തെളിനീരായി
കോടി പുണ്യമായ് പെയ്യുന്നു തേന്മഴ.
വേളി വിയർപ്പാൽ വേർപെട്ടു തിരിയവേ
വേദാന്ത ചിന്തയ്ക്കറുതിയീമഴ.
മണ്ണിനും പെണ്ണിനുമുള്ളിലുണർവ്വിന്റെ
നാമ്പുണർത്തും പുളകമായീമഴ.
കേളികൊട്ടുമായെത്തുന്നിടിമിന്നലിൻ
കാന്തിയുള്ളിൽ പടർത്തും പൊരുൾ മഴ.
കാളിമ കുലംകുത്തിയൊഴുകുന്നേരം
ആർത്തനാദമുയർത്തുന്നതീമഴ.
കുട്ടിപ്പിണിക്കമുറക്കം കെടുത്തവേ
ചിട്ടവട്ടത്തിലൊന്നാക്കുമീമഴ.
കേട്ടുകേൾവികൾക്കപ്പുറം വെളിവിന്റെ
കോട്ടവാതിൽ തുറന്നെത്തുമീമഴ.
ഉറക്കുപാട്ടായുമുണർത്തുപാട്ടായും
കാത്തുവെച്ച കനിവായൊരീമഴ.
നാറി നീറുമഴുക്കിന്റെ നൊമ്പരങ്ങൾ
നീളെയൊപ്പിയകറ്റുന്നതീമഴ.
ആർത്തി ആകാശസീമകൾ തൊടുന്നേരം
ആർത്തലച്ചൊരു താണ്ഡവമായ് മഴ.
വിത്തുകുത്തിക്കഞ്ഞിമോന്തും മനുഷ്യന്
ചിത്തത്തിലറിവിൻ മിന്നലായ് മഴ.

# തകഴി കഥയുടെ മാന്ത്രികൻ

ഹികമായ മാറ്റം അവിടെനിന്നുമാണ് ആരംഭിച്ചതെന്നു പറയുവാൻ തോന്നുന്നു. എവിടെനിന്നുമാണ് സാമൂഹിക മാറ്റത്തിന്റെ കൊടുംകാറ്റുകൾ ഉണ്ടാകുന്നത്. ഏതെങ്കിലും എഴുത്തുകാരന്റെ ഹൃദയത്തിൽനിന്നുമാണെന്നു കാണാം. അല്ലെങ്കിൽ ഏതെങ്കിലും പുസ്തകത്തിന്റെ താളുകളിൽനിന്ന്. കേരളത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം സംഘടിതരൂപമായി കൈക്കൊള്ളുന്നത് 1938ലാണെന്നാണ് ചരിത്രരേഖകൾ പറയുന്നത്. എന്നാൽ 1936ൽ മലയാളത്തിൽ ഒരു കവിതയുണ്ടായി. ചങ്ങമ്പുഴയുടെ വാഴക്കുല. അതിന്റെ അവസാനത്തിൽ ചങ്ങമ്പുഴ ഒരു ചോദ്യം ചോദിച്ചു. ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരെ നിങ്ങൾതന്നെ പിൻമുറക്കാർ! മലയാളികൾ മലയാളം വായിക്കുകയും, മലയാളിയുടെ മനസ്സ് തുറക്കുകയും ചെയ്ത കാലം. സാമൂഹികമായ മാറ്റങ്ങൾ, അസമത്വങ്ങളെക്കുറിച്ചുള്ള അവബോധം ആ കൃതിയിൽ നിന്നും ഉടലെടുത്തു. അതൊരു അടയാളമായി മാറി.

ഭൂമിയിൽ കൃഷിക്കാരനുള്ള അവകാശം എന്നു പറയുന്ന ഒരു സങ്കല്പം, വിപ്ലവകരമായ സങ്കല്പം 1938നു ശേഷമാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനം മുന്നോട്ടു വച്ചത്. 1948ൽ മലയാളത്തിൽ ഒരു നോവൽ ഉണ്ടാകുന്നു. അതിന്റെ പേര് രണ്ടിടങ്ങഴി എന്നാകുന്നു. അതുണ്ടായ മണ്ണിൽ നിന്നുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. തലമുറതലമുറയായി ജന്മിയുടെ പാടത്ത് പണിയെടുത്ത് ജന്മിയുടെ അറയും നിറയും നിറച്ച കർഷകത്തൊഴിലാളിയുടെ ദൈന്യം നിറഞ്ഞ ജീവിതം പച്ചയായി എഴുതി. അതിനുമുമ്പ് അങ്ങനെയാരും എഴുതിയതായിട്ട് എനിക്കറിയില്ല. അതിനുശേഷം അതുതന്നെയാണ് അവസ്ഥ. ജന്മിയുടെ പാടത്ത് പണിയെടുത്ത കർഷകത്തൊഴിലാളി വാർദ്ധക്യം ബാധിച്ച്, രോഗം ബാധിച്ച് മരിച്ച ആ വൃദ്ധന്റെ ശവം പഴംപായയിൽ കെട്ടി കൊതുമ്പുതോണി തുഴഞ്ഞ് പുറം കടലിൽ കൊണ്ട് കെട്ടിത്താക്കുന്നു. അദ്ധ്വാനിക്കുന്ന കൃഷിക്കാരന്റെ അനുഭവമാണിത്. അവന്റെ വിധി ഇതാണെന്ന് രണ്ടിടങ്ങഴി വായിച്ച് മലയാളം മനസ്സിലാക്കുകയുണ്ടായി. സമൂഹികമായ മാറ്റങ്ങളുടെ, ഭൂപരിഷ്കരണത്തിന്റെ തുടക്കം അവിടെനിന്നുമാണ് ആരംഭിക്കുന്നത്.

ഒരു കാലഘട്ടത്തിന്റെ അസമത്വം നിറഞ്ഞ ഒരു വ്യവസ്ഥിതി എഴുത്തുകളായി മാറുന്നു. അതിനെതിരെയുള്ള കലാപം, അതി സൂക്ഷ്മമായി അദൃശ്യമായി ഒതുക്കിവെയ്ക്കുന്ന എഴുത്തുകളായിരുന്നു അത്. എഴുത്തിന്റെ മാജിക് ഇതൊക്കെയാണെന്നു തോന്നിപ്പോകുന്നു. കഥാപാത്രങ്ങളാരും മുദ്രാവാക്യം വിളിക്കുന്നില്ല. അതൊരു ദോഷമായി കണ്ടവരുണ്ട്. ഒരുകാലത്ത് ഇവിടെ നിരൂപണമുണ്ടായിരുന്നു രണ്ടിടങ്ങഴിയൊക്കെ വിപ്ലവപ്രസ്ഥാനത്തിനു ചേർന്ന കൃതിയല്ലായെന്ന്. അവരുടെ കഥാസങ്കല്പത്തെക്കുറിച്ച് സഹതപിക്കാനേ നിവൃത്തിയുള്ളൂ.

നോവൽ ഇവിടെ ഒരു സമൂഹിക രേഖയായി തീരുന്നു. ഇത് ചരിത്രമാണ്. തകഴി എന്ന മഹാനായ എഴുത്തുകാരൻ എഴുതി കേരളത്തിന്റെ നവോത്ഥാന കാലഘട്ടത്തിന്റെ രക്തം തിളയ്ക്കുന്ന രേഖയായി രണ്ടിടങ്ങഴി മാറുന്നു. ഒരു എഴുത്തുകാരൻ തന്റെ ജനതയുടെ ഹൃദയത്തിൽ പ്രവേശിക്കുന്നത് ഇങ്ങനെയാണ്. കഥാപാത്രങ്ങളുടെ അനുഭവങ്ങളിലൂടെ ആശയങ്ങളിലൂടെ, നിലനിൽക്കുന്ന ജീർണ്ണിച്ച കാലത്തിന്, മനുഷ്യവിരുദ്ധമായ വ്യവസ്ഥിതിക്കെതിരായി കലാപംകൊണ്ട് എഴുത്തുകാരൻ കടന്നു ചെല്ലുന്നത് കാലഹൃദയത്തിൽ പ്രവേശിക്കുന്നതും ഇങ്ങനെയാണ് എന്നാണ് എനിക്കു മനസ്സിലാകുന്നത്.

നവോത്ഥാനകാലഘട്ടമെന്ന് ചരിത്രകാരന്മാർക്ക് പേരിട്ടു വിളിക്കാനുള്ളതല്ല അത്, യഥാർത്ഥത്തിൽ സംഭവിച്ച ചരിത്രപരമായ വസ്തുതയാണ് അത് കാണിക്കുന്നത്. ആ കാലഘട്ടത്തിലെ ഏതു കൃതിയെടുത്തു പരിശോധിച്ചാലും ഇതൊക്കെ പറയാൻ കഴിയുന്നതാണ്. രമണനുശേഷമുണ്ടായ ഏറ്റവും മഹത്തായ പ്രണയകാവ്യമെന്ന് ലോകം മുഴുവൻ വാഴ്ത്തിയ ചെമ്മീന്റെ അടിസ്ഥാനമെന്തായിരുന്നു. മനുഷ്യാനുഭവങ്ങളുടെ പെരുംകടൽ ആ പുസ്തകത്തിനകത്തുകിടന്ന് തിളയ്ക്കുന്നുവെന്ന് നമ്മൾ മനസ്സിലാക്കുന്നു. കറുത്തമ്മയെയും അവളെ സ്നേഹിക്കുന്ന പരിക്കുട്ടിയുടെയും സ്നേഹം അനശ്വരതയെപ്പറ്റിയുള്ള തോന്നലുളവാക്കുന്നുവെങ്കിലും സാമൂഹികമായ മാറ്റമല്ലെ കാണിക്കുന്നത്.

എഴുത്തുകാരൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കാലമാണ്. അതിനെ എങ്ങനെ മെരുക്കും എന്നുള്ളതാണ്. ചെമ്പൻകുഞ്ഞ് എന്നു പറയുന്ന ഒരാളെ മനുഷ്യസ്വഭാവത്തിന്റെ ഏറ്റവും ആസുരമായ ഒരു അവസ്ഥയിൽ കൊണ്ടെത്തിച്ചുകൊണ്ട് മനുഷ്യൻ ഇങ്ങനെയൊക്കെകൂടിയാകുന്നുവെന്ന് തകഴിച്ചേട്ടൻ നമ്മോടു പറയുന്നു. ആർത്തി, ദുര തുടങ്ങിയവ മനുഷ്യനെ മനുഷ്യത്വരഹിതനാക്കുന്നുവെന്ന് ചെമ്പൻകുഞ്ഞിലൂടെ അദ്ദേഹം കാണിച്ചുതരുന്നു. ഇതൊക്കെയാണ് ഒരെഴുത്തുകാരൻ ചെയ്യേണ്ടത്.

ലോകസാഹിത്യത്തിൽ വിളിക്കൊണ്ട കഥയാണ് തകഴിയുടെ വെള്ളപ്പൊക്കത്തിൽ. മലയാളത്തിലെ മികച്ച കഥയെന്നല്ല, ഇന്ത്യയിലെ മികച്ച കഥയെന്നല്ല, ലോകസാഹിത്യത്തിലെ മികച്ച ചെറുകഥകളിൽ ഒന്നാണ് വെള്ളപ്പൊക്കത്തിൽ. പ്രകൃതി ദുരന്തത്തിനു മുമ്പിൽ അന്തപ്പെട്ടുനിൽക്കുന്ന മനുഷ്യൻ. ജീവാത്മാവ് എന്നു പറയുന്ന ഒന്നിനെയാണ് തകഴിച്ചേട്ടൻ ആ കഥയിൽ ആവിഷ്കരിക്കുന്നത്. അതാണ് കല. അല്ലെങ്കിൽ മാന്ത്രികത. സീമാതീതമെന്നു തോന്നിപ്പിക്കാവുന്ന തരത്തിൽ ഒരു പ്രകൃതി ദുരന്തത്തിനുമുമ്പിൽ നിസ്സഹായമായ ജീവാത്മാവിന്റെ പിടച്ചിൽ അവിടെ കാണാം. ഇതാണ് ദുരന്തബോധത്തിന്റെ ഏറ്റവും കാവ്യബിംബം. സാന്ദർഭികമായ യാഥാർത്ഥ്യം കാണിക്കുമ്പോൾതന്നെ ഒരു എഴുത്തുകാരൻ എന്ന നിലയിൽ തന്റെ സർഗ്ഗാത്മകത ജീവിതത്തിന്റെ ഏറ്റവും മഹത്തായ സന്ദർഭങ്ങൾക്ക് വാങ്മയം സൃഷ്ടിച്ചുകൊണ്ട് മലയാള കഥയിൽ അത്ഭുതം സൃഷ്ടിച്ച കഥയുടെ മാന്ത്രികനാണ് തകഴി. അതൊരു ചെറിയ കഥയൊന്നുമല്ല. മാറിപ്പോകുന്ന കാലം ഏത് എഴുത്തുകാരന്റെയും കൃതിയിൽ ഉണ്ടാകുമെന്നാണ് തോന്നുന്നത്. പക്ഷെ, കാലത്തിന്റെ മാറ്റം എന്നു പറയുന്ന മാന്ത്രികത. ചർച്ച ചെയ്യാതെ പോയ അദ്ദേഹത്തിന്റെ ഒരു കഥയുണ്ട്. വാനിറ്റി ബാഗ്. ഗ്രാമത്തിൽ നിന്നും ഒരു പെൺകുട്ടി നഗരത്തിൽപ്പോയി വിദ്യാഭ്യാസം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അവളുടെ കൈയ്യിൽ ഒരു വാനിറ്റി ബാഗുണ്ട്. പോയ പെണ്ണല്ല തിരിച്ചുവന്നിരിക്കുന്നത്. സാമൂഹികമായ മാറ്റത്തെ വാനിറ്റി ബാഗ് എന്നു പറയുന്ന ചിഹ്നത്തിലൂടെ ആവിഷ്കരിക്കുന്നു. ഗ്രാമീണതയിൽനിന്നും നാഗരികതയിലേക്ക് മാറിപ്പോകുന്ന പെൺകുട്ടിയുടെ വിശുദ്ധി അതിനേൽക്കുന്ന പോറലുകൾ കാണിച്ചുകൊണ്ട് മാറിപ്പോകുന്ന കാലത്തെ തകഴിച്ചേട്ടൻ കഥയിൽ അടയാളപ്പെടുത്തുന്നു. തകഴിച്ചേട്ടൻ എന്ന ഭ്രാന്ത് കയറുമ്പോൾ ഇങ്ങനെ പറഞ്ഞുപോകുകയാണ്. ഞങ്ങളെയൊക്കെ ആവേശിച്ചിരിക്കുന്നത് ഇത്തരം ഭ്രാന്തുകളാണ്. തകഴി ഒരു ഭ്രാന്താണ്. ബഷീർ ഒരു ഭ്രാന്താണ്. കേശവദേവ് ഒരു ഭ്രാന്താണ്. കാരൂർ ഒരു ഭ്രാന്താണ്. ഇങ്ങനെയൊക്കെയുള്ള ഭ്രാന്തിനിടയിലൂടെയാണ് ഞങ്ങളൊക്കെ ജീവിക്കുന്നത്. അവരോടൊപ്പം എത്താൻ കഴിയില്ലാ എന്നുമാത്രമേയുള്ളൂ. ഹൃദയത്തിന്റെ ഭാഷയിലൂടെയാണ് അവർ സംസാരിച്ചത്. അപരിചിതമായ ഒരു വാക്കുപോലുമില്ല. പച്ചയായ ജീവിതത്തിന്റെ ഭാഷയിലെഴുതി അദ്ദേഹം ലോകത്തെ വിസ്മയിപ്പിച്ചു.

മലയാളം ശ്രേഷ്ഠമാകുന്നത് എങ്ങനെയാണ്. ഏതെങ്കിലും ഗവൺമെന്റ് നിയമം പാസാക്കിയിട്ടല്ല. ഏതെങ്കിലും യൂണിവേഴ്സിറ്റി പാഠഭാഗം കൊണ്ടുവന്നതുകൊണ്ടോ അല്ല. എഴുത്തുകാരൻ സൃഷ്ടിക്കുന്ന നവീനതകൊണ്ടാണ് ഭാഷ ശ്രേഷ്ഠമാകുന്നത്. മറ്റു ഭാഷകളെ വിസ്മയിപ്പിക്കുക എന്ന ഒരു ഉത്തരവാദിത്തം കൂടി എഴുത്തുകാരനുണ്ട്. അവിടെയാണ് ശ്രേഷ്ഠഭാഷയ്ക്ക് സ്വപ്ന സഫലീകരണം ഉണ്ടാകുന്നത്. തകഴിച്ചേട്ടൻ ഭാഷയെ ശ്രേഷ്ഠമാക്കി. ജീവിതാനുഭവങ്ങളിലൂടെ മനുഷ്യദുരന്തങ്ങളുടെ മഹാസ്രോതസ് സൃഷ്ടിച്ച മഹാനായ എഴുത്തുകാരൻ, മനുഷ്യനെ സ്നേഹിച്ച എഴുത്തുകാരൻ, മലയാളികളെ സ്നേഹിച്ച എഴുത്തുകാരൻ, ഭാഷയെ സ്നേഹിച്ച എഴുത്തുകാരൻ. ഈ ചെറിയ ഭാഷകൊണ്ട് ലോകത്തിന്റെ വിസ്തൃതിയെ മലയാളം കൊണ്ട് നിറച്ച മലയാളിയായ മഹാനായ എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള.

*(തകഴി സ്മാരകത്തിന്റെ നടത്തിയ അനുസ്മരണപ്രസംഗം.)*



# ഇന്ത്യൻഗ്രാമങ്ങളെ സമ്പുഷ്ടമാക്കിയ വറുഗീസ് കുര്യൻ

ജോർജ് തഴക്കര

ഇന്ത്യൻ ധവളവിപ്ലവത്തിന്റെ പിതാവാണ് ഡോ.വറുഗീസ് കുര്യൻ. ലോകത്തിലെ ഏറ്റവും വലിയ പാലുല്പാദനകേന്ദ്രമാക്കി രാജ്യത്തെ മാറ്റിയതിനു പിന്നിലെ അദ്ദേഹത്തിന്റെ നിയോഗം രാജ്യം നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

1921 നവംബർ 26ന് ജനനം. കോട്ടയം പുത്തൻപുരയ്ക്കൽ ഡോ.കുര്യന്റെ മകൻ കോഴിക്കോട്ടാണ് ജനിച്ചത്. പതിനാലാം വയസ്സിൽ ശാസ്ത്രപഠനത്തിനായി മദ്രാസ് ലയോള കോളജിൽ ചേർന്നു. കോളജ് വിദ്യാഭ്യാസം പൂർത്തിയായിയെങ്കിലും എഞ്ചിനീയറിംഗിന് പഠിക്കുവാനുള്ള പ്രായമാകാത്തതിനെതുടർന്ന് ഗിണ്ടി കോളജിൽ മറ്റൊരു ബിരുദത്തിനുവേണ്ടി പഠിച്ചു. പഠനത്തോടൊപ്പം സ്പോർട്സിലും സമയം കണ്ടെത്തി. വറുഗീസ് കുര്യന്റെ ഇരുപത്തിരണ്ടാം വയസ്സിൽ പിതാവ് മരിച്ചു. അമ്മാവൻ ചെറിയാൻ മത്തായിയുടെ ചുമതലയിലാണ് പിന്നീട് വറുഗീസ് കുര്യൻ പഠിച്ചതും വളർന്നതും.

ചെന്നൈയിൽ ഗിണ്ടി എൻജിനീയറിംഗ് കോളജിൽ നിന്നു ബിരുദം നേടിയശേഷം 1944ൽ ജംഷഡ്പൂരിൽ ടാറ്റാ അയൺ ആൻഡ് സ്റ്റീൽ കമ്പനിയിൽ അപ്രന്റീസായി. അമ്മാവനായ ജോൺ മത്തായി (പിന്നീടദ്ദേഹം ഇന്ത്യയുടെ ധനകാര്യമന്ത്രിയായിരുന്നു) ടാറ്റാ വ്യവസായ സ്ഥാപനങ്ങളുടെ മേലുദ്ധ്യോഗസ്ഥനായിരുന്നു. ജോൺമത്തായി ജംഷഡ്പൂർ സന്ദർശിച്ചപ്പോൾ അനന്തിരവനെ കാണാൻ വന്നു. ഡയറക്ടറുടെ പ്രത്യേക പ്രീതിക്ക് ഇതു കാരണമായി. അമ്മാവന്റെ വരവോടെ തനിക്ക് ജോലിയിൽ കയറ്റം കിട്ടുമെന്നു മനസ്സിലാക്കിയ വറുഗീസ് കുര്യൻ അതാഗ്രഹിച്ചില്ല. ഇക്കാലത്ത് ബ്രിട്ടീഷ് ഗവൺമെന്റ് നൽകുന്ന സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിച്ചിരുന്നു. വിദേശത്തുപോയി മെറ്റലർജിയിലും ന്യൂക്ലിയർ ഫിസിക്സിലും മാസ്റ്റർ ബിരുദം നേടണമെന്നതായിരുന്നു ആഗ്രഹമെങ്കിലും സ്കോളർഷിപ്പ് ലഭിച്ചത് ഡയറി എഞ്ചിനീയറിംഗിലായിരുന്നു. ഗവൺമെന്റ് സ്കോളർഷിപ്പോടുകൂടി അമേരിക്കയിലെ മിഷിഗൺ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി. പഠനം കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ വറുഗീസ് കുര്യൻ പരിഷ്കാരിയായി മാറി. പച്ച ഷർട്ട്, മഞ്ഞ പാന്റ്സ്, പച്ചത്തൊപ്പി ഇതൊക്കെയായിരുന്നു വേഷം. ബാംഗ്ലൂരിലെ ഇംപീരിയൽ ഡയറി ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറി എഞ്ചിനീയറായി തെരഞ്ഞെടുത്ത വറുഗീസ് കുര്യൻ ആനന്ദിലെത്തി. പരിഷ്കാരത്തിന്റെ ലോകത്തുനിന്നും അപരിഷ്കൃതസമൂഹത്തിലേക്കാണ് കുര്യൻ എത്തപ്പെട്ടത്.

വിധി വൈപരീത്യത്തിന്റെ നിഴൽവീണ ദശാസന്ധിയിലാണ് കുര്യൻ ഗുജറാത്തിലെ പൊടിയണിഞ്ഞ ഗ്രാമത്തിലേക്ക് കടന്നുവന്നത്. ബാംഗ്ലൂരിലെ ഡെയറി ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമതിനാകേണ്ട കുര്യനെ ഉദ്യോഗസ്ഥന്മാരുടെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് ആനന്ദിൽ ഡെയറി എഞ്ചിനീയറായി നിയമിച്ചത്. ആനന്ദിലെ തകർന്നു പൊളിഞ്ഞ ഗാരിജിലാണ് ഔദ്യോഗിക ജോലിയുടെ ഭാഗമായി താമസിക്കേണ്ടിവന്നത്. 350 രൂപ ശമ്പളം പറ്റിക്കൊണ്ട് പ്രത്യേകിച്ചു ഒന്നും ചെയ്യുവാൻ കഴിയാത്ത അവസ്ഥയിൽ പല പ്രാവശ്യം രാജിക്ക് അപേക്ഷിച്ചെങ്കിലും അതംഗീകരിച്ചത് ഏതാണ്ട് ഒരു വർഷത്തിനുശേഷമാണ്.

മുംബൈയിൽ ജീവിതം പറിച്ചുനടുവാൻ പോകുന്ന ഇടക്കാലയളവിലാണ് കയ്റ ഡിസ്ട്രിക് കോപ്പറേറ്റീവ് മിൽക് പ്രൊഡ്യൂസേഴ്സ് യൂണിറ്റിന്റെ ചുമതല ഏറ്റെടുക്കുന്നത്. യൂണിറ്റിന്റെ ചുമതല വഹിച്ചിരുന്ന ത്രിഭുവൻദാസ് പട്ടേലിന്റെ പ്രേരണ അതിനു പ്രേരകമായി. സർദാർ വല്ലഭഭായ് പട്ടേലും മൊറാർജി ദേശായിയും ആരംഭിച്ച യൂണിറ്റായിരുന്നതിനാൽ അതിനോട് പ്രത്യേകിച്ചൊരു താല്പര്യവും കുര്യനിലുണ്ടായി. ബ്രിട്ടനിലെ ഓടകളിലെ വെള്ളത്തേക്കാൾ മോശമാണ് ഇന്ത്യയിലെ പാൽ സമാഹരണം എന്ന തരത്തിലുള്ള ചില വാർത്തകളും കുര്യന്റെ മനസ്സിനെ പ്രക്ഷുബ്ദമാക്കിയിരുന്നു.

1952ൽ കുര്യൻ പാൽസംസ്കരണത്തിന്റെ വിളനിലമായിരുന്ന ന്യൂസിലന്റിൽ പോയി. അവിടെനിന്നും ഓസ്ട്രേലിയായിലും. ക്ഷീരസംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാനപാഠങ്ങൾ പഠിച്ചു. പേരുകേട്ട സാങ്കേതിക വിദഗ്ദ്ധരായ പ്രൊഫ.വില്യം റിഡറ്റ് (ന്യൂസിലന്റ് ഡെയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), പ്രൊഫ.എച്.ഡി.കെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആന്റ് ഡെയറിയിങ്, ബ്രിട്ടൻ) എന്നിവരുടെ വിലയിരുത്തൽ എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുവാൻ കഴിയില്ലായെന്നായിരുന്നു. ന്യൂസിലന്റിൽ നിന്നും ലഭിച്ച പരിശീലനത്തിന്റെ ഫലമായി എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കാനാകുമെന്നു കുര്യൻ മനസ്സിലാക്കി. അതിൽ വിജയിച്ചു.

തന്റെ വ്യക്തിപരമായ തോൽവിയെ സമൂഹത്തിന്റെ വിജയമാക്കി മാറ്റുവാൻ കുര്യനു കഴിഞ്ഞു. ഇടനിലക്കാരുടെ അമിതമായ ചൂഷണത്തിൽ നിന്നും ക്ഷീരകർഷകരെ രക്ഷിക്കുക എന്ന ദൗത്യമായിരുന്നു കുര്യൻ ഏറ്റെടുത്തത്. സഹകരണാടിസ്ഥാനത്തിൽ ക്ഷീരകർഷകരെ കൂട്ടിയോജിപ്പിക്കുവാനും അവരുടെ പാൽ സമാഹരിക്കുവാനുമായി സംഘങ്ങൾ രൂപീകരിച്ചു തുടങ്ങിയതോടെ ക്ഷീരകർഷകർ അംഗീകരിക്കപ്പെട്ടു. നിത്യദാരിദ്ര്യത്തിൽനിന്നും കർഷകർ മോചിതരായിത്തുടങ്ങി. അവരുടെ മനസ്സിൽ കുര്യൻ സ്ഥാനം പിടിച്ചു. പല വീടുകളുടെയും ചുവരുകളിൽ ദേവന്മാരോടൊപ്പം കുര്യന്റെ ചിത്രവും സ്ഥാനം പിടിച്ചു.

കുര്യനിലൂടെ വിവിധങ്ങളായ ക്ഷീരപദ്ധതികൾ തുടങ്ങുകയായിരുന്നു. അഞ്ചു വർഷം കൊണ്ട് മറ്റു സംസ്ഥാനങ്ങൾ ഈ പദ്ധതികളെ ശ്രദ്ധിച്ചുതുടങ്ങി. കർഷകർക്ക് കൂടുതൽ വരുമാനം ലഭിച്ചുകൊണ്ടിരുന്നു. പാൽ വിലയില്ലാത്ത ഉല്പന്നമായിരുന്നു അക്കാലത്ത്. വെണ്ണ എടുത്തതിനുശേഷം ചണ്ടിപ്പാൽ ഒഴുക്കിക്കളയേണ്ടതായി വന്നിരുന്ന സാഹചര്യം ഒഴിവായി.

എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കാമെന്ന് തെളിയിച്ചുകൊടുത്ത കുര്യൻ പാൽപ്പൊടി പ്ലാന്റ് ആരംഭിക്കുന്നതിനായി പരിശ്രമിച്ചു. 1956ൽ യുനിസെഫിന്റെ പ്രതിനിധി ടി. ഗ്ലെൻഡേവിഡ് ഇന്ത്യയിൽ വന്നു. അദ്ദേഹം സഹായം വാഗ്ദാനം ചെയ്തു. 1957 ഒക്ടോബർ 31ന് സർദ്ദാർ വല്ലഭഭായി പട്ടേലിന്റെ ജന്മദിനത്തിൽ പാൽപ്പൊടി പ്ലാന്റ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്ന ആദ്യത്തെ പ്ലാന്റാണിത്. ആഹ്ലാദചിത്തനായ നെഹ്റു കുര്യനെ കെട്ടിപ്പുണർന്നു. 'അപ്രാപ്യമെന്നു കരുതുന്നതുപോലും നേടാൻ കഴിയുന്ന ആളുകളിലൊരാളാണ് നിങ്ങൾ.' നെഹ്റു പറഞ്ഞു.

പാൽ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ ഒരു ബ്രാൻഡ് നെയിം ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും ലബോറട്ടറിയിലെ ഒരു കെമിസ്റ്റ് സന്ദർഭവശാൽ പറഞ്ഞ പേര് അംഗീകരിക്കുകയും ചെയ്തു. വില നിർണ്ണയിക്കാനാവാത്തത് എന്ന അർത്ഥം വരുന്ന അമൂല്യം എന്ന വാക്കിൽ നിന്നാണ് അമുൽ എന്ന വാക്കുണ്ടായത്. ആ വാക്ക് 'ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്' എന്നതിന്റെ ചുരുക്കപ്പേരുമാണ്. 1957ൽ അമുൽ എന്ന പേരിൽ സ്ഥാപനം രജിസ്റ്റർ ചെയ്തു. ആദ്യ ഉല്പന്നം വെണ്ണയായിരുന്നു. ബോംബെ മുഖ്യമന്ത്രി വൈ.ബി.ചവാൻ അനുമോദനവുമായി കുര്യന്റെ വീട്ടിലെത്തി.

അമുലും അമുൽ ഉല്പന്നങ്ങളും വിവിധ സംസ്ഥാനങ്ങളിലെ വീടുകളിൽ അതിഥിസൽക്കാരത്തിന്റെ മുഖ്യ ഉപാധിയായി. എരുമപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്ന വിദ്യയും കണ്ടൻസ്ഡ് മിൽക്ക് നിർമ്മിക്കുവാനുള്ള സാങ്കേതികതയും കൈവശമായതോടെ അർപ്പണബോധത്തോടെയുള്ള കുര്യന്റെ സേവനത്തെ ബാഹ്യസമൂഹം അഭിനന്ദിച്ചു.

1962ൽ ചൈനയുമായുള്ള കരയുദ്ധത്തിന്റെ കരിനിഴൽ രാജ്യത്തിനുമേൽ പടർന്നുവീണപ്പോൾ നെഹ്റു കുര്യനെ ഡൽഹിയിലേക്കു വിളിപ്പിച്ചു. ജനറൽമാരിലൊരാളും പങ്കെടുത്തു. സൈന്യത്തിന് ആറു മാസത്തിനുള്ള 2750 ടൺ പാൽപ്പൊടി ആവശ്യമുണ്ടെന്ന് അറിയിച്ചു. ഗുജറാത്തു ഗവൺമെന്റിന്റെ ചുമതലയിലുണ്ടായിരുന്ന പാൽപ്പൊടി പ്ലാന്റു കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പറഞ്ഞസമയത്തിനുള്ളിൽ ആവശ്യമായ പാൽപ്പൊടി സൈന്യത്തിനു നൽകി. ഇച്ഛാശക്തിയും ആത്മാർപ്പണവും കൊണ്ടാണ് അതു സാധ്യമായത്.

ദേശീയ നേതാക്കൾ കുര്യന്റെ വിജയപഥത്തിലെ ജൈത്രയാത്രയ്ക്ക് പിൻതുണ പ്രഖ്യാപിച്ചു. ഈ വിജയം രാജ്യത്തിന്റെ വിജയമാക്കുന്നതിനുവേണ്ടി ദേശീയ ക്ഷീരവികസന ബോർഡ് രൂപീകരിച്ചു. കുര്യൻ അതിന്റെ ചുമതല ഏറ്റെടുത്തു.

1981ലെ ക്ഷീരമേഖലയിലെ പരിഷ്കരണമായിരുന്നു ഓപ്പറേഷൻ ഫ്ളഡ്. രാജ്യം ധവളവിപ്ലവത്തിന്റെ പാതയിലൂടെ മുന്നേറുകയായിരുന്നു. 'ഈ നൂറ്റാണ്ടു കണ്ട മഹാനാണ് കുര്യ'നെന്ന് 1970ലെ നൊബേൽ സമ്മാന ജേതാവായ നോർമൻ ഇ.ബോർലോഗ് വിശേഷിപ്പിച്ചു. 'രാജ്യത്തിന്റെ മഹാഭാഗ്യമാണ് കുര്യ'ന്റെ സേവനമെന്ന് രത്തൻ ടാറ്റാ അഭിപ്രായപ്പെട്ടു.

ഏറ്റവും അധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്ന രാജ്യമായി ഇന്ത്യയെ എത്തിച്ച ഡോ.കുര്യനെ രാജ്യം പദ്മശ്രീ, പദ്മഭൂഷൺ, പദ്മവിഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചു. മാഗ്നസെ അവാർഡ്, വാട്ലർ പീസ് അവാർഡ്, വേൾഡ് ഫുഡ് പ്രൈസ് തുടങ്ങിയുള്ള അന്താരാഷ്ട്ര ബഹുമതികളും കുര്യനെ തേടിയെത്തി. ഉപരിപഠനം നടത്തിയ മിഷിഗൺ യൂണിവേഴ്സിറ്റിയും (1965) കാനഡ യൂണിവേഴ്സിറ്റി ഓഫ് ഗ്യൂൾഫും (1991) ഡോക്ടറേറ്റ് നൽകി കുര്യനെ ആദരിച്ചു. ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളും ഡോക്ടറേറ്റ് നല്കുകയുണ്ടായി. ഗുജറാത്ത്, അലഹബാദ് യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസിലറായി സേവനം അനുഷ്ഠിക്കുവാനും ഡോ.കുര്യനു കഴിഞ്ഞു. പാകിസ്ഥാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ പ്രത്യേക ക്ഷണിതാവായി അവിടുത്തെ ക്ഷീരമേഖലയുടെ വികസനത്തിനായുള്ള പദ്ധതികളിൽ പങ്കാളിത്തം വഹിച്ചു. ആനന്ദിലെ അദ്ദേഹത്തിന്റെ വീട് നിൽക്കുന്ന റോഡ് കുര്യൻ എൻക്ലേവ് എന്ന പേരിൽ സർക്കാർ 20 വർഷങ്ങൾക്കുമുമ്പ് പ്രഖ്യാപിക്കുകയുണ്ടായി.

150 ലക്ഷം ക്ഷീരകുടുംബങ്ങളെ തുണച്ചുകൊണ്ട്, ഇരുനൂറോളം അമുൽ ബ്രാൻഡുകളിലൂടെ രാജ്യത്തിനും വിദേശരാജ്യങ്ങൾക്കും മാതൃകയായി മാറിയ ഡോ.വർഗീസ് കുര്യൻ, നിക്ഷിപ്ത താല്പര്യക്കാർ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ അതിരുകടന്ന് ഇടപെടുന്നതിൽ പ്രതിഷേധിച്ച് 2006ൽ രാജിവച്ചു. 3000 കോടി ആസ്ഥിയുള്ള സ്ഥാപനത്തെ നാഷനൽ ഡെയറി ഡവലപ്മെന്റ് കോർപ്പറേഷനാക്കി മാറ്റുവാൻ ഇതിനോടകം അദ്ദേഹത്തിനു കഴിഞ്ഞു. പാൽ കുടിക്കാൻ ഇഷ്ടപ്പെടാത്ത ആളാണ് താൻ എന്ന് തൊണ്ണൂറാം ജന്മദിനത്തിലാണ് കുര്യൻ വെളിപ്പെടുത്തുന്നത്. 16000 ഗ്രാമങ്ങളുടെ വളർച്ചയാണ് കുര്യനിലൂടെ സാധ്യമായത്. ഗ്രാമീണ ജനതയെ ഉദ്ധരിക്കുവാനുള്ള ഗാന്ധിയൻ ദർശനത്തിന്റെ വക്താവായി കുര്യൻ മാറി. മഹാനായ ഈ മലയാളി വ്യത്യസ്തനും മികച്ച മാതൃകയുമാണ്.

2012 സെപ്റ്റംബർ 9ന് അന്തരിച്ചു. നഡിയാടിയിലെ കൈലാസ ഭൂമിയിലെ പൊതുശ്മശാനത്തിലാണ് ഡോ.കുര്യന്റെ സംസ്കാരം നടന്നത്. ആനന്ദിലേക്ക് കടന്നു വന്ന ഡോ. കുര്യന്റെ അന്ത്യാഭിലാഷമായിരുന്നു അത്.



# കാലം നമ്മോട് ആവശ്യപ്പെടുന്ന രണ്ടു കാര്യങ്ങൾ

ബെന്യാമിൻ

**യാ**ത്രകളുടെ ദിവസങ്ങളാണ് കഴിഞ്ഞുപോയത്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലെ ജനങ്ങളെ കാണാനും അവരുടെ ജീവിതങ്ങൾ അടുത്തു പരിചയിക്കാനും അവസരം ലഭിച്ച ദിവസങ്ങൾ. എത്രയോ വ്യത്യസ്തതരം മനുഷ്യർ. അവരുടെ ജീവിത സാഹചര്യങ്ങൾ. തൊഴിലിടങ്ങൾ. സാമൂഹിക പരിസരങ്ങൾ. ഇന്ത്യയുടെ വൈവിധ്യമോർത്ത് വീണ്ടും വീണ്ടും അത്ഭുതപ്പെടാൻ കിട്ടിയ അവസരം. പറയുമ്പോൾ കേട്ടു പഴകിയതെന്ന് തോന്നുമെങ്കിലും ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അല്ലെങ്കിൽ കുടുംബം പുലർത്താൻവേണ്ടി മനുഷ്യർ കണ്ടെത്തുന്ന വിവിധ തൊഴിലുകൾ ഒട്ടൊക്കെ കൗതുകത്തോടെയാണ് നോക്കിക്കണ്ടത്. ഒരു ചെറിയ അവസരത്തെ എങ്ങനെയാണ് മനുഷ്യർ ജീവിതോപാധിയായും വരുമാനമായും കാണുന്നത് എന്നോർത്ത് അദ്ഭുതപ്പെടാൻ വകയുണ്ട്. ആ സാധ്യതയുടെ കണ്ടെത്തലിനുതന്നെ കൊടുക്കണം പുരസ്കാരങ്ങൾ. വിനോദകേന്ദ്രങ്ങളിലേക്ക് നടത്തുന്ന ബസ് സർവ്വീസിൽ അത് തുടങ്ങാം. അതിനോട് അനുബന്ധിച്ച് ബുക്കിംഗ് കേന്ദ്രങ്ങൾ, ഏജന്റുമാർ. ബസ്സിലെ തൊഴിലാളികൾ. ബസ് വരുന്നത് കാത്തിരിക്കുന്ന വഴിയോരങ്ങളിലെ ആഹാരശാലകൾ. അവിടുത്തെ അനുബന്ധ കച്ചവടങ്ങൾ. എവിടെയെങ്കിലും ചെന്നിറങ്ങിയാൽ നമ്മെ വന്നു പൊതിയുന്ന ടാക്സിക്കാർ, ഓട്ടോകൾ, താമസം ഏർപ്പാടാക്കാനായി ഹോട്ടലിന്റെ ഏജന്റുമാർ, കുതിരവണ്ടിക്കാർ, ഒട്ടകവാഹനങ്ങൾ, അവരെ ഏർപ്പാട് ചെയ്യാനായി നില്ക്കുന്ന ഇടനിലക്കാർ. വെള്ളം, കടല, ഐസ്ക്രീം മുതൽ കളിപ്പാട്ടം, കരകൗശലവസ്തുക്കൾ തുടങ്ങി തേനും കുങ്കുമപ്പൂവും വരെ വിൽക്കുന്നവർ. ഫോട്ടോഗ്രാഫർമാർ, ഗൈഡുകൾ, വഴിയരികിലിരുന്ന് മസാജ് ചെയ്യുന്നവർ, പ്രാദേശിയ വേഷങ്ങൾ ധരിപ്പിച്ചും മുയലുകളെ കൈയ്യിൽ പിടിപ്പിച്ചും ഫോട്ടോ എടുക്കാൻ പ്രേരിപ്പിക്കുന്ന വൃദ്ധകൾ, കുതിരകളുമായും ഒട്ടകങ്ങളുമായും യാക്കുമായും കൗതുകസവാരിക്ക് കാത്തുനില്ക്കുന്നവർ, ചൂടുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ കാലിൽ ധരിക്കാൻ പേപ്പർസോക്സ് വിൽക്കുന്നവർ. തണുപ്പുള്ള സ്ഥലങ്ങളിൽ ധരിക്കാൻ കമ്പിളി വസ്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നവർ തുടങ്ങി മഞ്ഞുമലയിലേക്ക് നടന്നു കയറുമ്പോൾ കുത്തി നടക്കാൻ വടിവെട്ടി വില്ക്കുന്ന വൃദ്ധന്മാർവരെ അവനവന്റെ പരിസരത്തുനിന്നും കണ്ടെത്തുന്ന എത്രയോതരം തൊഴിലുകളും തൊഴിൽ സാധ്യതകളും.

ഇവരിൽ ബഹുഭൂരിപക്ഷത്തിന്റെയും വരുമാനം നാം വിചാരിക്കുന്നതിലും ഒക്കെ വളരെ മേലേയാണ്. എല്ലാ ദിവസവും ഒരുപോലെ ഒക്കില്ലെങ്കിലും മെച്ചപ്പെട്ട ഒരു വരുമാനം അവർക്കുണ്ട്. യാത്രകൾക്കിടയിൽ ഒരു ദിവസം, ട്രെയിനിൽ വെള്ളം, പഴംപൊരി, സമൂസ ഒക്കെ വില്ക്കുന്ന ഒരു പയ്യനുമായി അല്പനേരം അടുത്ത് സംസാരിക്കാൻ ഇടയായി. പകലന്തിയോളം കഷ്ടപ്പാടുണ്ടെങ്കിലും ദിവസവരുമാനം ആയിരം രൂപാ മുതൽ രണ്ടായിരം വരെയാണെന്ന് അവൻ സന്തോഷത്തോടെ പറഞ്ഞു. എന്നു പറഞ്ഞാൽ മാസത്തിൽ അവൻ മുപ്പതിനായിരം മുതൽ അറുപതിനായിരംവരെ നേടുന്നുണ്ട് എന്നു സാരം. പല വെള്ളക്കോളർ ഹൈ സ്റ്റാറ്റസ് ജോലിക്കാരുടെയും മാസശമ്പളവുമായി അത് തട്ടിച്ചുനോക്കുമ്പോഴാണ് നമ്മുടെ തൊഴിൽ സംസ്കാരത്തിന്റെ പിന്നിലെ പൊങ്ങച്ചം നമുക്കു ബാധ്യപ്പെടുന്നത്. ഇല്ലാത്ത പണം കടം വാങ്ങിയും ലോണെടുത്തും നാം പഠിപ്പിച്ചു വിടുന്ന മെഡിസിൻകാർക്കും എഞ്ചിനീയേഴ്സിനും കിട്ടുന്നത് എത്രയെന്ന് ഇപ്പോൾ നാട്ടിൽ പാട്ടാണ്. ഏഴെട്ടുവർഷം കഠിനാദ്ധ്വാനം ചെയ്ത് ഉന്നതവിദ്യാഭ്യാസം നേടി ചെല്ലുന്ന ഒരു സ്കൂൾ അദ്ധ്യാപികയുടെ ശമ്പളം കേട്ടാൽ നിശ്ചയം നമുക്ക് കരച്ചിൽ വരും. ഇപ്പോൾ ഐ.ടിക്കാരിൽ ഭൂരിപക്ഷത്തിന്റെയും സ്ഥിതിയും ഇതൊക്കെ തന്നെ. ഇവയൊക്കെ വലിയ ശമ്പളം കിട്ടുന്ന ജോലി അല്ലെന്ന് എനിക്ക് അഭിപ്രായമില്ല. എന്നാൽ പണം കൊടുത്തു നേടുന്ന വിദ്യാഭ്യാസത്തിനല്ല, അവരുടെ അനുഭവജ്ഞാനത്തിനും കൈത്തഴക്കത്തിനും പ്രതിഭയ്ക്കും ഒക്കെയാണ് മെച്ചപ്പെട്ട ശമ്പളം പിന്നീട് കിട്ടുന്നത്. അത് ആർജ്ജിക്കാൻ കഴിവില്ലാത്തവരെ അവർക്കിഷ്ടമില്ലാത്ത മേഖലയിലേക്ക് തള്ളിവിട്ട് വെറുതെ ഇല്ലായ്മ ചെയ്തു കളയരുത്. ഓരോ മനുഷ്യനും ശോഭിക്കാൻ ഇടയുള്ള വിവിധ മേഖലകൾ ഉണ്ട്. അതിലേക്ക് നമ്മുടെ കുട്ടികളെ കൈപിടിച്ചു നയിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനും കഴിയുന്നില്ല എന്നതാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം നേരിടുന്ന ഏറ്റവും വലിയ പരാജയം. നല്ലൊരു ശതമാനം കുട്ടികളും എന്താണ് താൻ പഠിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് യാതൊരു ധാരണയുമില്ലാതെയാണ് വിഷയങ്ങൾ തിരഞ്ഞെടുക്കുന്നത്. കരിയർ ഗുരുക്കന്മാരുടെയും തൊഴിൽ സാധ്യതാ പ്രവചനക്കാരുടെയും വിദേശത്ത് ജോലി എന്ന പരസ്യത്തിന്റെയും വലയിൽ വീണ് തന്റെ അഭിരുചിക്ക് ഇണങ്ങാത്ത വിഷയങ്ങളിൽ അവർ ചെന്നു പെടുകയാണ് ചെയ്യുന്നത്.

നൂറു കണക്കിനു പുതിയ കോഴ്സുകളാണ് ഇപ്പോൾ ഓരോ സർവ്വകലാശാലകളും തുടങ്ങിയിരിക്കുന്നത്. പേരുകൾ കൊണ്ട് മനോഹരമാണ് എന്നതല്ലാതെ അവയ്ക്കുള്ള തൊഴിൽ സാധ്യതകളും പരിമിതികളും ആരും ഇവയ്ക്കു പിന്നാലെ ഇറങ്ങി തിരിക്കുന്ന കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നില്ല. എല്ലാം കഴിഞ്ഞ് സർട്ടിഫിക്കറ്റുമായി പുറത്തിറങ്ങുമ്പോഴാണ് താൻ ചെന്നു പെട്ടിരിക്കുന്ന നടുക്കടലിനെക്കുറിച്ച് അവർക്ക് മനസ്സിലാവുന്നത്.

മാതാപിതാക്കളുടെ സ്വപ്നങ്ങളും സ്റ്റാറ്റസും കാത്തുസൂക്ഷിക്കാൻ വേണ്ടി വളർത്തപ്പെടുന്ന മുയൽ കുഞ്ഞുങ്ങളല്ല നമ്മുടെ കുട്ടികൾ. അവരിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകൾ കണ്ടെത്താനും അതിലൂടെ ചരിക്കാനും അവർക്ക് കഴിയട്ടെ. വെള്ളമൊഴിച്ചു കൊടുത്തു വളർത്തിയ ഒരു ചെടിയും ഇന്നേവരെ വൻവൃക്ഷങ്ങൾ ആയിട്ടില്ലെന്ന് നാം എപ്പോഴും ഓർക്കുക. സ്വന്തം വേരുകൾ കൊണ്ട് വെള്ളം തേടിപ്പോയിട്ടുള്ള ചെടികൾക്കേ പിന്നെ വൻമരങ്ങളായി മാറാൻ കഴിഞ്ഞിട്ടുള്ളു. അറിവാണ് ആ വെള്ളം. വായനയാണ് ആ വേരുകൾ.

പുതിയൊരു തൊഴിൽ സംസ്കാരവും വിദ്യാഭ്യാസ രീതിയുമാണ് അടിയന്തിരമായി കാലം നമ്മോട് ആവശ്യപ്പെടുന്ന രണ്ടു കാര്യങ്ങൾ. അത് അവനവന്റെ പരിസരത്തിനും കഴിവിനും പ്രതിഭയ്ക്കും അനുസരിച്ചുള്ള ഒരു തൊഴിലിൽ എത്തിപ്പെടാനും അതിലേർപ്പെടാനും ജീവിക്കാനും ഉള്ള സാഹചര്യം ഒരുക്കുന്നത് ആവേണ്ടതുമുണ്ട്. ഇനിയെങ്കിലും നമുക്ക് മാറാം.



## ഈണം

**ജോയ് വാഴയിൽ**

**ഈ**ണെമൊഴുക്കിൻ മാനസഭാവം,
ഈണം താളതരംഗം.

ഈണം ഹൃദയവിപഞ്ചിയിലൊരു പൊ-
ന്നോണനിലാവിൻ ശോകം.

ഈണമപാരതയിങ്കൽ ജ്യോതിർ-
ഗോളസ്പന്ദനിനാദം.

ഈണം ശാന്തതയായൊഴുകീടും
കാനനതടിനീപുളകം.

ഈണം നേർത്ത പനീർത്തണ്ടലരിൻ
നാണം ചൂഴ്ന്ന പിണക്കം.

ഈണം നിർവൃതിയാർന്നുമയങ്ങും
പ്രാണൻ കണ്ടൊരു സ്വപ്നം.

ഈണം ജീവിത,മീണം മരണം,
ഈണമൊഴുക്കിൻ താളം.

ഈണം, നീയ,ല്ലീണം ഞാന-
ല്ലിണയാം തുണയാമീണം.



## സത്രം

**ചന്ദ്രശേഖർ നാരായണൻ**

**കു**ടുംബകോടതിയിൽ വിവാഹമോചന കേസിന്റെ പ്രാഥമിക വിസ്താരമായിരുന്നു.

കേസ് ഫയൽ ചെയ്ത് മൂന്നു കൗൺസിലിംഗ് കഴിഞ്ഞിട്ടും വാദിഭാഗത്തുനില്ക്കുന്ന ഭാര്യയും പ്രതിഭാഗത്തുനില്ക്കുന്ന ഭർത്താവും. തങ്ങളുടെ വാദങ്ങളിൽ നിന്നും അണുവിട പിറകോട്ടുപോകാൻ തയ്യാറല്ലാത്തതിനാൽ സരസനായ ജഡ്ജിയദ്ദേഹം തന്നെ നേരിട്ട് ഇരുവരേയും വിളിച്ച് മുന്നിൽ നിർത്തി കാരണമന്വേഷിക്കാൻ തീരുമാനിച്ചു.

'മാഡം, നിങ്ങളീ അന്യായത്തിന് നിങ്ങളുടെ ഭർത്താവിനെതിരെ ഉന്നയിച്ചിരിക്കുന്ന പ്രധാന ആരോപണം അദ്ദേഹം നിങ്ങൾക്ക് കുടുംബഭാഗമായി കിട്ടിയ വലിയ വീടിനെ സത്രം, സത്രം' എന്ന് വിളിച്ച് ആക്ഷേപിച്ചുവെന്നുമാത്രമാണ്. അല്ലേ'.

ജഡ്ജിയദ്ദേഹം ഭാര്യയുടെ മുഖത്തേക്ക് സൗമ്യമായി നോക്കി.

'നൂറ്റാണ്ടുകൾ പഴക്കമുള്ള എന്റെ കുടുംബവീടിനെ സത്രം എന്നു കളിയാക്കി പറയാൻ കാക്കാശ്ശിനു വകയില്ലാത്ത അങ്ങേർക്ക് എന്തവകാശം?' ഭാര്യ ഒച്ചയുയർത്തി.

'മാഡം, നിങ്ങളുടെ ഭർത്താവ് ഒരു ജ്ഞാനിയായതുകൊണ്ടാണ് അദ്ദേഹം അതിനെ സത്രമെന്ന് വിളിച്ചത്.'

'ജ്ഞാനിയോ? അങ്ങേരോ?'

'അതേ മേഡം. ഞാനൊന്നു ചോദിക്കട്ടെ. മാഡത്തിനു ഭാഗത്തിൽ കിട്ടുന്നതിനുമുമ്പ് ടി വീട് ആരുടേതായിരുന്നു.'

'എന്റെ അമ്മയുടെ. അമ്മ മരിച്ചുപോയി.'

'അതിനുമുമ്പ്'

'എന്റെ അമ്മൂമ്മയുടെ. അമ്മൂമ്മയും മരിച്ചുപോയി.'

'അതിനുമുമ്പ്?'

'എന്റെ മുത്തശ്ശിയുടെ. അവരും മരിച്ചുപോയി'

'മാഡം ആളുകൾ അല്പസമയം തങ്ങി പിന്നെ യാത്ര പറഞ്ഞിറങ്ങുന്ന ഒരിടം സത്രമല്ലെന്നാണോ പറയുന്നത്?'

അന്യായക്കാരിയായ ഭാര്യ പിന്നെ ഒന്നും പറഞ്ഞില്ല. ജ്ഞാനിയായ തന്റെ അങ്ങേരെ നോക്കിക്കൊണ്ടു നിന്നു. പുള്ളി ഇത്തരക്കാരനാണെന്ന് ആരറിഞ്ഞു!!